
# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ



ഒക്ടോബർ 2021

## മിഷൻ ഞായർ ആശംസകൾ

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.10

ഒക്ടോബർ 2021

ലോകമിഷൻ ഞായർ ........................................ - ..... 2
കച്ചേരിക്കാര്യം ........................................ - .... 11
പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ ............ - ... 13
പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ ........... - ... 22
അജപാലനോത്തേജനവിഭാഗം ........................ - ... 23
വിശ്വാസജീവിതപരിശീലനരംഗം ....................... - ... 31
ചെറുപുഷ്പ മിഷൻലീഗ് ................................ - ... 37
ബൈബിൾ അപ്പോസ്തലേറ്റ് .............................. - ... 40
സീറോ മലബാർ യൂത്ത് മൂവ്മെന്റ് ....................... - ... 41
കുടുംബപ്രേഷിതത്വം ........................................ - ... 45
മാതൃവേദി ........................................ - ... 46
കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം ................ - ... 47
മേരി മാതാ മൈനർ സെമിനാരി............................ - ... 51
മരിയൻ റിട്രീറ്റ് സെന്റർ........................................ - ... 52
സന്യസ്തർ ........................................ - ... 55
മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ........ - ... 61
കത്തോലിക്കാകോൺഗ്രസ് ................................ - ... 63
കെ.സി.എസ്.എൽ. ........................................ - ... 69
ഡി.സി.എം.എസ്. ........................................ - ... 71
ഫ്രാൻസിസ്ക്കൻ അല്മായസഭ ............................ - ... 72
വിൻസെൻഷ്യൻ വേദി ........................................ - ... 74
വിമല പബ്ലിക്കേഷൻസ് ........................................ - ... 76
Special Care Homes & Charitable institution ......... - ... 78
മലനാട് ഡവലപ്മെന്റ് സൊസൈറ്റി........................ - ... 79
പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി........................ - ... 81
രൂപതാവാർത്തകൾ ........................................ - ... 84
Bishop’s Engagements ........................................ - ... 88



# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLV No. 10 ഒക്‌ടോബർ 2021

Ref: 3574/KCBC/K-35/OL/DS

# ലോകമിഷൻ ഞായർ 2021

## ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല"*
*(അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, *ഗാവുദിയും ഏത്ത് സ്പെസ്*, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

## അപ്പസ്തോലന്മാരുടെ അനുഭവം

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവി

കാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). "കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്'' (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയി

ത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. “ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും” എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷംപോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന

അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തു കളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതു കൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണ നാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെ ത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴി വുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറി മാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരി ക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചി ട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാ ണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോല ന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിത ത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വ പൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരി ക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവ

രവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടു തന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും

വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും" (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും "കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്" (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി

യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും "എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ" ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf മത്താ 5:13-14).

റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ.

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# കച്ചേരിക്കാര്യം

**1. കൊന്തനമസ്കാരം**

കൊന്തനമസ്കാരത്തിന്റെ സഭയിലുള്ള പ്രാധാന്യം മനസ്സിലാക്കി ഒക്ടോബർ മാസത്തിലോ മംഗളവാർത്തക്കാലത്തോ (ഡിസംബർ) എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകളിലും സ്ഥാപനങ്ങളിലും കൊന്തനമസ്കാരം ആഘോഷപൂർവ്വമായി നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ (പത്തു ദിവസത്തെ ജപമാല) ബഹു. വികാരിയച്ചന്മാർ നൽകുമല്ലോ.

**2. മിഷൻ ഞായർ – ഒക്ടോബർ 17**

ആഗോളസഭ ഈ വർഷം മിഷൻ ഞായർ ആചരിക്കുന്നത് ഒക്ടോബർ 17-ാം തീയതിയാണ്. നമ്മുടെ രൂപതയിൽപ്പെട്ട ദൈവജനത്തിനു മിഷൻചൈതന്യത്തിൽ വളരാനും ആഴപ്പെടാനുമുതകുന്ന കാര്യപരിപാടികൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ക്രമപ്പെടുത്തി മിഷൻ ഞായർ ഉചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാ പള്ളികളിലും ഇക്കാര്യം അറിയിച്ച് മിഷൻ ഞായർ പിരിവെടുത്ത് നവംബർ 15-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**3. ബാങ്ക് അക്കൗണ്ട്**

Income Tax Act 1961 11 (5) സെക്ഷൻ പ്രകാരം Reserve Bank of India യുടെ Banking License കരസ്ഥമാക്കിയിട്ടുള്ള ബാങ്കുകളിൽ മാത്രമേ Charitable/ Religious Trust കളുടെ പണം നിക്ഷേപിക്കാവൂ എന്ന നിയമം ഉണ്ട്. ഇത് കർശനമായി പാലിക്കപ്പെടേണ്ടതാണ്.

ആയതിനാൽ RBI യുടെ Banking License ഇല്ലാത്ത സഹകരണ ബാങ്കുകളിൽ ഉള്ള നമ്മുടെ രൂപതയിലെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും Bank A/c കൾ എത്രയുംവേഗം close ചെയ്യേണ്ടതാണ്.

**4. Appointments**

| | | |
|---|---|---|
| Rev. Fr. Njallimackal Varghese | – | Vicar in charge, Mulamkunnu (additional) |
| Rev. Fr. Varickakuzhiyil Rahul SVD | – | Asst. Vicar, Kollamula |
| Rev. Fr. Kodimarathummoottil Jacob | – | Manager, Holy Family InternationalSchool, Elangoi (additional) |

**Relieved**

| | | |
|---|---|---|
| Rev. Fr. Kizhakkayil Micheal | – | Vicar, Mulamkunnu |
| Rev. Fr. Ponnamvarickayil Jordy Babu SVD | – | Asst. Vicar, Kollamula |
| Rev. Fr. Kallarackal Mathew | – | Manager, Holy Family International School, Elangoi |
| Rev. Fr. Kodimarathummoottil Jacob | – | Asst. Manager and Bursar, Amal Jyothi College |

## പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ മീറ്റിംഗ് ഓൺലൈനായി 2021 ഒക്ടോബർ 9-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് നടത്തപ്പെടുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതിൽ പങ്കെടുക്കുമല്ലോ.

പാസ്റ്ററൽ കൗൺസിൽ
സെക്രട്ടറി



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പരസ്പരസ്നേഹവും ദൈവൈക്യവും

### (തിരുവചനഭാഗം: 1 യോഹ 4,1–21)

ദൈവം സ്നേഹമാണെന്നും, ദൈവവുമായുള്ള ഐക്യത്തിന്റെ മാനദണ്ഡം പരസ്പരസ്നേഹമാണെന്നുമാണ് ഈ വചനഭാഗം വ്യക്തമാക്കുന്നത്. ഈ ഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. സത്യാത്മാവിനെ തിരിച്ചറിയുക (4,1–6)
2. സ്നേഹം: ദൈവൈക്യമാനദണ്ഡം (4,7–10)
3. പരസ്പരസ്നേഹവും ദൈവാനുഭവവും (4,11–16)
4. സ്നേഹവും ആത്മധൈര്യവും (4,17–18)
5. ദൈവസ്നേഹവും സഹോദരസ്നേഹവും (4,19–21)

ഈ വചനഭാഗം വിചിന്തനത്തിനു വിധേയമാക്കി പുരോഹിതരായ നമ്മുടെ ആദ്ധ്യാത്മികതയെ നമുക്കു പരിപോഷിപ്പിക്കാം.

**1. സത്യാത്മാവിനെ തിരിച്ചറിയുക**

"*പ്രിയപ്പെട്ടവരേ, എല്ലാ ആത്മാക്കളെയും നിങ്ങൾ വിശ്വസിക്കരുത്; ആത്മാക്കളെ പരിശോധിച്ച്, അവ െ ദെവത്തിൽനിന്നാണോ എന്നു വിവേചിക്കുവിൻ. പല വ്യാജപ്രവാചകന്മാരും ലോകത്തിലെങ്ങും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം: ഈശോമിശിഹാ ശരീരം ധരിച്ചുവന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്. നാം ദൈവത്തിൽനിന്നുള്ളവരാണ്. ദൈവത്തെ അറിയുന്നവൻ*

*നമ്മുടെ വാക്കു ശ്രവിക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ നമ്മുടെ വാക്കു ശ്രവിക്കുന്നില്ല. ഇതുവഴി സത്യത്തിന്റെ ആത്മാവിനെയും അസത്യത്തിന്റെ ആത്മാവിനെയും നമുക്കു തിരിച്ചറിയാം"* (1 യോഹ 4,1–2,6).

വ്യാജപ്രവാചകന്മാരുടെ സാന്നിദ്ധ്യം സഭയിലുള്ള പശ്ചാത്തലത്തിൽ അരൂപികളെ വിവേചിച്ചറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് യോഹന്നാൻശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നത്. വ്യാജപ്രവാചകന്മാരിൽ പ്രവർത്തിക്കുന്ന അരൂപിയെ അന്തിക്രിസ്തുവിന്റെ അരൂപി എന്നു വിശേഷിപ്പിക്കുന്നു. യുഗാന്ത്യത്തിൽ പ്രത്യക്ഷപ്പെടുമെന്നു കേട്ടിട്ടുള്ള അന്തിക്രിസ്തുവിന്റെ സാന്നിധ്യമാണ് ഈ പ്രവാചകരിൽ കാണേണ്ടതെന്ന് ഇവിടെ സൂചിപ്പിക്കുന്നു. മിശിഹായിലുള്ള സഭയുടെ വിശ്വാസത്തിനു വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നവരാണ് അവർ. അരൂപിയുടെ പ്രചോദനത്താൽ സംസാരിക്കുന്നവരാണല്ലോ പ്രവാചകർ. അന്തിക്രിസ്തുമാർ തങ്ങളിൽ അരൂപിയുടെ സാന്നിദ്ധ്യവും പ്രവർത്തനവും അവകാശപ്പെടുന്നതുകൊണ്ട്, അവരെ വ്യാജപ്രവാചകന്മാരെന്നു വിശേഷിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ്, അരൂപികളെ പരിശോധിച്ച് അവ ദൈവത്തിൽനിന്നാണോ എന്നു പരിശോധിക്കേണ്ടത് ആവശ്യമായി വന്നത്.

അരൂപിയെ വിവേചിച്ചറിയാൻ രണ്ടു മാനദണ്ഡങ്ങളാണ് ഇവിടെ എടുത്തുപറയുന്നത്. 1. ‘‘ഈശോമിശിഹാ ശരീരം ധരിച്ചുവന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്; ഈശോയെ ഏറ്റുപറയാത്ത ആത്മാവ് ദൈവത്തിൽനിന്നല്ല" (4,2–3). 2. "നമ്മുടെ വാക്കു ശ്രവിക്കുന്നവൻ ദൈവത്തെ അറിയുന്നവനാണ്; നമ്മുടെ വാക്കു ശ്രവിക്കാത്തവൻ ദൈവത്തിൽനിന്നല്ല" (4,6). മിശിഹായുടെ മനുഷ്യാവതാരത്തെ നിഷേധിക്കുന്ന നിലപാട് സ്വീകരിച്ചിരിക്കുന്നവരാണ് വ്യാജപ്രവാചകന്മാർ എന്ന് ഇതു സൂചിപ്പിക്കുന്നു. ഈശോയുടെ മനുഷ്യാവതാരം യഥാർത്ഥമായിരുന്നില്ലെന്നും, മാമ്മോദീസാ മുതൽ പീഡാനുഭവംവരെ പരസ്യജീവിതത്തിൽ മാത്രം ഒതുങ്ങിനിന്ന ദൈവത്വം മാത്രമായിരുന്നു ഈശോയുടേത് എന്നും വ്യാജപ്രവാചകന്മാർ പഠിപ്പിച്ചിരുന്നു. എന്നാൽ ദൈവമായിരുന്ന ഈശോ മനുഷ്യാവതാരത്തിലൂടെ യഥാർത്ഥത്തിൽ ദൈവമനുഷ്യനായി

എന്നും, അപ്രകാരം ഇന്നും എന്നും നിലനില്ക്കുന്നുവെന്നുമാണ് സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. സഭയുടെ ഈ വിശ്വാസം ഏറ്റു പറയാത്തവരും അതുപോലെ സഭയെ കേൾക്കാത്തവരും (4,6) ദൈവത്തിന്റെ അരൂപിയിലുള്ളവരല്ല എന്നാണ് യോഹന്നാൻശ്ലീഹാ പറയുന്നത്. ഇന്നും സഭയെ കേൾക്കാത്തവർ, പലതും ദൈവവചനമായി പഠിപ്പിക്കുന്നവർ, സഭയിലുണ്ട്. അതുകൊണ്ട് അജപാലകരായ പുരോഹിതർ സഭയുടെ പ്രബോധനത്തിനു നിരക്കാത്തവിധം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ ജാഗ്രതയോടെ വർത്തിക്കണം.

**2. സ്നേഹം: ദൈവൈക്യമാനദണ്ഡം**

"*പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്*" (4,7-8).

പരസ്നേഹം ദൈവൈക്യത്തിന്റെ മാനദണ്ഡമായും, 'ദൈവം സ്നേഹമാണ്' എന്നത് അതിനടിസ്ഥാനമായും ഇവിടെ എടുത്തുപറയുന്നു. യോഹന്നാൻശ്ലീഹാ ദൈവത്തിനു കൊടുക്കുന്ന നിർവ്വചനങ്ങളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'ദൈവം സ്നേഹമാണ്' എന്നുള്ളത്. ദൈവത്തിന്റെ ത്രിത്വാത്മക അസ്തിത്വത്തെ സൂചിപ്പിക്കുന്ന ഒന്നാണ് ഈ നിർവ്വചനം. സ്നേഹം സ്വയംദാനമുൾക്കൊള്ളുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം നൽകിക്കൊണ്ടുള്ള ഒരു നിത്യബന്ധത്തിലാണെന്ന് ഈ നിർവ്വചനം സൂചിപ്പിക്കുന്നു. പരസ്പരം നൽകുന്ന ദൈവത്തിന്റെ ഈ സ്നേഹം മനുഷ്യനായി അവതരിച്ച ഈശോമിശിഹായിലൂടെ മനുഷ്യകുലത്തിന് വെളിപ്പെടുത്തപ്പെടുകയും നൽകപ്പെടുകയും ചെയ്യുന്നു. ത്രിത്വൈക ദൈവത്തിന്റെ ഈ പരസ്പരസ്വയംദാനത്തിൽ മനുഷ്യനെ പങ്കുചേർക്കുന്നത് പരിശുദ്ധാരൂപിയാണ്. പരസ്പരം സ്നേഹിക്കുക എന്നതാണ് ദൈവൈക്യത്തിന്റെ മാനദണ്ഡം. കാരണം സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. പരസ്പരസ്നേഹത്തിൽ നമ്മെ ബന്ധിപ്പിക്കുന്നത് ദൈവവുമായുള്ള നമ്മുടെ ഐക്യമാണ്. അരൂപിയിലൂടെ

ദൈവത്തിന്റെ സ്നേഹത്തിൽ പങ്കുചേരുമ്പോൾ മാത്രമാണ് പരസ്പരം സ്നേഹിക്കുവാൻ നാം പ്രാപ്തരാകുന്നത്. അതുകൊണ്ടുതന്നെയാണ് പരസ്പരം സ്നേഹിക്കുക എന്നത് ദൈവവുമായുള്ള ഐക്യത്തിന്റെ അടയാളമാകുന്നത്.

ദൈവൈക്യത്തെ ഇവിടെ വീണ്ടും ദൈവത്തിൽനിന്നുള്ള ജനനമായും ദൈവത്തെ അറിയുന്ന അനുഭവമായും അവതരിപ്പിക്കുന്നു. യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ 'ദൈവത്തെ അറിയുക' എന്നത് 'നിത്യജീവൻ സ്വന്തമാക്കുന്നതാണ്': "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17,3). ദൈവത്തിന്റെ സ്നേഹം പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. പ്രത്യുത, അത് പുത്രനിലൂടെ മനുഷ്യർക്ക് വെളിപ്പെടുത്തപ്പെടുകയും പരിശുദ്ധാത്മാവിലൂടെ നൽകപ്പെടുകയും ചെയ്തു (4,9). തന്റെ സ്നേഹം നാമുമായി പങ്കുവച്ചുകൊണ്ടാണ് ദൈവം അവിടുത്തെ സ്നേഹം വെളിപ്പെടുത്തിയത്. മനുഷ്യരുടെ പാപപരിഹാരബലിയായി സ്വന്തം പുത്രനെ നൽകിക്കൊണ്ടാണ്, അതായത്, 'സ്നേഹത്തിന്റെ മാക്സിമലിസം' നല്കിക്കൊണ്ടാണ് ദൈവം അതു നിർവ്വഹിച്ചത്. അതുകൊണ്ട് നാമും പരസ്പരം 'സ്നേഹത്തിന്റെ മാക്സിമലിസം' പങ്കുവച്ചുകൊണ്ട് ദൈവൈക്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്നേഹത്തിന്റ മാക്സിമലിസത്തെക്കുറിച്ച് അജപാലകർ ബോധവാന്മാരാകുകയും അജഗണങ്ങളെ ബോധവത്കരിക്കുകയും ചെയ്യണം.

### 3. പരസ്പരസ്നേഹവും ദൈവാനുഭവവും

*"പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും. ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു"* (4,11-13).

നമുക്കു വെളിപ്പെടുത്തപ്പെടുകയും നമ്മിൽ ചൊരിയപ്പെടുകയും

ചെയ്ത ദൈവസ്നേഹം നമ്മിൽനിന്നാവശ്യപ്പെടുന്നത് പരസ്പര സ്നേഹമാണ്. ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ ചൊരിയപ്പെടുമ്പോൾ ആ സ്നേഹം പങ്കുവയ്ക്കാൻ നാം നിർബന്ധിക്കപ്പെടും. ദൈവം തന്റെ അരൂപിയെ നമുക്കു നല്കിക്കൊണ്ടാണ് അവിടുത്തെ സ്നേഹം നമ്മിലേക്കു ചൊരിഞ്ഞത്. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇതിനെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്: "നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ 5,5). ദൈവത്തിന്റെ സ്നേഹത്തിനു പ്രതിസ്നേഹം കൊടുക്കേണ്ട കടപ്പാടും നമുക്കുണ്ട്. പരസ്പരം സ്നേഹിച്ചുകൊണ്ടാണ് നാം ഈ കടപ്പാട് നിറവേറ്റേണ്ടത്. പരസ്പരസ്നേഹം ദൈവവുമായുള്ള സഹവാസത്തിലേക്കു നമ്മെ നയിക്കും (4,12). പരസ്പരം സ്നേഹിച്ചാൽ ദൈവത്തിന്റെ സ്നേഹം നമ്മിൽ പൂർണ്ണമാകും എന്നു യോഹന്നാൻശ്ലീഹാ പറയുന്നു. അതായത്, ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തിയതിന്റെ ലക്ഷ്യം പരസ്പരസ്നേഹത്തിലൂടെ നമ്മിൽ പൂർത്തിയാകും. തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിൽ രക്ഷാകരമായ ഒരു ലക്ഷ്യമാണ് ദൈവത്തിനുണ്ടായിരുന്നത്. പാപത്തിന്റെ ഫലമായി ചിതറിപ്പോയ മനുഷ്യകുലത്തെ ദൈവമക്കൾക്കടുത്ത സ്നേഹത്തിൽ ഒന്നിപ്പിക്കുക (യോഹ 11,51-52). നാം പരസ്പരം സ്നേഹത്തിൽ ഒന്നായിത്തീരുമ്പോൾ ദൈവത്തിന്റെ രക്ഷാകരലക്ഷ്യം പൂർത്തിയാകും.

'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല' എന്ന പ്രസ്താവന ഇവിടെ ആവർത്തിക്കുന്നുണ്ട് (4,12). ഇത് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ ദൈവവചനമായ ഈശോയെ അവതരിപ്പിക്കുമ്പോൾ നടത്തുന്ന പ്രസ്താവന തന്നെയാണ്. അവിടെ ഇപ്രകാരം പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). ദൈവം 'അരൂപി'യായതുകൊണ്ട് (യോഹ 4,23) നമ്മുടെ ബാഹ്യമായ കണ്ണുകൾകൊണ്ട് കാണാനോ അനുഭവിക്കുവാനോ സാധിക്കുകയില്ല. അതുകൊണ്ടാണ് ത്രിയേക ദൈവത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാൻ മനുഷ്യശരീരമെടുത്തു ലോകത്തിലേക്കുവന്ന് അശരീരിയായ ദൈവത്തെ നമുക്കു കാണിച്ചുതന്നത്. ദൈവപുത്രനായ അവിടുന്നു ദൈവത്തെ നമുക്കു

കാണിച്ചുതന്നത് അനന്തമായ സ്നേഹമായിട്ടാണ്: "തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). അതുകൊണ്ട്, സ്നേഹത്തിന്റെ ജീവിതം നയിച്ചുകൊണ്ടുമാത്രമേ നമുക്കു ശരിയായ ദൈവാനുഭവം ഉൾക്കൊള്ളാൻ കഴിയൂ. ഈശോ തന്റെ ജീവിതത്തിലൂടെ അത് നമുക്കു കാണിച്ചുതരുകയും അപ്രകാരം ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്തു (യോഹ 13,34-35). അജപാലകരുടെ ശുശ്രൂഷയുടെ ആത്യന്തികലക്ഷ്യം അജഗണങ്ങളെ പിതാവായ ദൈവത്തെയും, സഹോദരങ്ങളായ ദൈവമക്കളെ പരസ്പരവും, സ്നേഹിക്കുന്ന ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്.

**4. സ്നേഹവും ആത്മധൈര്യവും**

"*വിധിദിനത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്തെന്നാൽ, ഈ ലോകത്തിൽത്തന്നെ നാം അവനെപ്പോലെ ആയിരിക്കുന്നു. സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം, ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല*" (4,17-18).

സ്നേഹത്തിന്റെ അന്ത്യാത്മകവശമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇവിടെ പരാമർശിക്കുന്ന ആത്മധൈര്യം, അന്ത്യവിധിയിൽ ദൈവസന്നിധിയിൽ നമുക്കു അനുഭവവേദ്യമാകുന്ന ഒന്നാണ്. പൂർണ്ണതപ്രാപിച്ച സ്നേഹമാണ് വിധിദിവസത്തിൽ ഈ ആത്മധൈര്യം നമുക്കു പ്രദാനം ചെയ്യുന്നത്. സ്നേഹം പൂർണ്ണത പ്രാപിച്ചു എന്നു പറയുമ്പോൾ, നമ്മിൽ അത് പൂർണ്ണത പ്രാപിച്ചു എന്ന അർത്ഥത്തിൽ മാത്രമല്ല, സ്നേഹം എന്തിനുവേണ്ടി ദൈവത്തിൽനിന്നും പുറപ്പെട്ടുവോ, ആ ലക്ഷ്യം പൂർത്തിയാക്കപ്പെട്ടു എന്ന അർത്ഥത്തിൽകൂടിയാണ് അത് മനസ്സിലാക്കേണ്ടത്. ദൈവത്തിൽനിന്നും പുറപ്പെടുന്നതാണല്ലോ സ്നേഹം. മനുഷ്യനെ സ്നേഹത്തിൽ പൂർണ്ണനാക്കിക്കൊണ്ട് ആ സ്നേഹം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നു. അതുകൊണ്ട് നമ്മളും ദൈവം ആഗ്രഹിക്കുന്നതുപോലെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്ന് ദൈവത്തിൽനിന്നും ലഭിച്ച കൃപയുടെ ലക്ഷ്യം പൂർത്തിയാക്കണം.

വിധിദിവസത്തിൽ നമുക്ക് ആത്മധൈര്യമുണ്ടാകുന്നതിനുള്ള മറ്റൊരുകാരണം സ്നേഹത്തിൽ ഭയത്തിനിടമില്ല എന്നതാണ്. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണ്. പൂർണ്ണമായ സ്നേഹം രക്ഷയുടെ അനുഭവമായതുകൊണ്ട്, ആ അവസ്ഥയിൽ ഭയത്തിനു സ്ഥാനമില്ല. അതുകൊണ്ട് ആത്മധൈര്യത്തോടെ നമുക്ക് അന്ത്യവിധിയെ നേരിടുവാൻ സാധിക്കും. സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുന്നതിന്റെ ഫലമായി മിശിഹായുടെ സാദൃശ്യത്തോട് നാം അനുരൂപപ്പെടുന്നു. മിശിഹായുടെ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുക എന്നത് അന്ത്യാത്മക ജീവിതാവസ്ഥയുടെ പ്രത്യേകതയാണ്: "അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും" (1 യോഹ 3,2). സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചവർക്ക് ഈ ലോകത്തിൽത്തന്നെ മിശിഹായോട് അനുരൂപപ്പെട്ട അവസ്ഥയിലായിരിക്കുന്നതുകൊണ്ട് ആത്മധൈര്യത്തോടെ അന്ത്യവിധിയെ നേരിടുവാൻ കഴിയും. അജപാലകരായ വൈദികർക്ക് ഈ ആത്മധൈര്യത്തോടെ അവരുടെ ശുശ്രൂഷ നിർവ്വഹിക്കുവാനും തങ്ങളുടെ അജഗണങ്ങളെ ഇപ്രകാരം ആത്മധൈര്യത്തോടെ അന്ത്യവിധിയെ നേരിടുവാൻ പരിശീലിപ്പിക്കുവാനും കഴിയണം.

### 5. ദൈവസ്നേഹവും സഹോദരസ്നേഹവും

*"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. മിശിഹായിൽനിന്നു ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം"* (4,20-21).

നാം പരസ്പരം സ്നേഹിക്കുന്നത്, ദൈവം നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടാണ്. മനുഷ്യപ്രകൃതി പാപബദ്ധമായതുകൊണ്ട് സ്വയംപ്രേരിതമായി പരസ്പരം സ്നേഹിക്കാൻ മനുഷ്യർക്കാവില്ല. ദൈവത്തിന്റെ സ്നേഹത്തിനുപയോഗിക്കുന്ന വാക്ക് 'അഗാപ്പേ' എന്നാണ്. നാം പരസ്പരം സ്നേഹിക്കണം എന്നു പറയുമ്പോഴും

ഈ വാക്കിന്റെ ക്രിയാപദമായ 'അഗാപ്പെയിൻ' ആണ് ഉപയോഗിക്കുന്നത്. കിട്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന നിസ്വാർത്ഥമായ സ്നേഹമാണിത്. ദൈവസഹജമായ ഈ സ്നേഹം പ്രാവർത്തികമാക്കാൻ മനുഷ്യനു സ്വയമേവ സാധ്യമല്ല. അതുകൊണ്ട് ദൈവസ്നേഹത്താൽ അഥവാ ദൈവാരൂപിയാൽ പ്രചോദിതരായി മാത്രമേ മനുഷ്യർക്ക് ദൈവത്തെയും പരസ്പരവും സ്നേഹിക്കാനാവൂ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാദ്ധ്യമല്ല (4,20). ഇത് മനഃശാസ്ത്രപരമായ ഒരു പ്രസ്താവനയല്ല. മനഃശാസ്ത്രപരമായി, കാണാവുന്ന സഹോദരനേക്കാൾ കാണാൻ പാടില്ലാത്ത ദൈവത്തെ സ്നേഹിക്കുകയാവും എളുപ്പം. കാരണം, സഹോദരന്റെ കുറ്റങ്ങളും കുറവുകളും നിരന്തരം നാം കണ്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതു ദൈവശാസ്ത്രപരമായ ഒരു പ്രസ്താവനയാണ്. ദൈവസ്നേഹത്തിലേക്കുയരാൻ മനുഷ്യനു സ്വയമേവ സാധിക്കയില്ല. ദൈവത്തെ സ്നേഹിക്കുവാൻ കഴിവുനല്കുന്നത് ദൈവാരൂപിയാണ്. അപ്രകാരം ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവം തരുന്ന എല്ലാ മനുഷ്യരെയും സ്നേഹിക്കും.

ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നത് ദൈവം തന്നെ നല്കിയ ഒരു കല്പനയുമാണ്: "മിശിഹായിൽനിന്ന് ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം" (4,21). ഈ പ്രസ്താവന മർക്കോസ് 12,28-31 നെ അനുസ്മരിപ്പിക്കുന്നതാണ്: "ഇതാണ് ഒന്നാമത്തെ കല്പന: നീ നിന്റെ ദൈവമായ കർത്താവിനെ ....സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക". ഇവിടെ ഈശോ പഴയനിയമത്തിലെ ദൈവസ്നേഹത്തിന്റെ കല്പനയും (നിയമ 6,4-5) പരസ്നേഹത്തിന്റെ കല്പനയും (ലേവാ 19,18) തമ്മിൽ യോജിപ്പിച്ച്, എല്ലാറ്റിലും പ്രധാനപ്പെട്ട കല്പനയായി അവതരിപ്പിക്കുകയാണ്. യോഹന്നാൻശ്ലീഹാ ഇവിടെ രണ്ടു കല്പനകളെപ്പറ്റി പറയുന്നില്ല. ഈശോയുടെ ഏകകല്പന ദൈവസ്നേഹവും പരസ്നേഹവും ഉൾക്കൊള്ളുന്നതാണ്. പ്രായോഗികമായി പ്രാമുഖ്യമുണ്ടെങ്കിൽ അത് പരസ്നേഹത്തിനുമാണ്. മാത്രമല്ല ഇവിടെ 'അയൽക്കാരൻ' എന്നതിനുപകരം

'സഹോദരൻ' എന്ന പദമാണുപയോഗിക്കുന്നത്. അതുകൊണ്ട് സഭാസമൂഹത്തിൽ പ്രായോഗികമാക്കേണ്ട സഭാകൂട്ടായ്മയെയാണ് ഉദ്ദേശിക്കുന്നത്. അജപാലകരായ വൈദികർ സഭാസമൂഹത്തെ ഒരു സാഹോദര്യകൂട്ടായ്മയായി കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ ഊന്നിപ്പറയുന്നത്.

**ജീവിതസൂചിക**

1. സഭയുടെ ശ്ലൈഹികപ്രബോധനത്തിനനുസൃതമായി വിശ്വാസികളെ പഠിപ്പിക്കുവാനും അതിനു വിരുദ്ധമായ പ്രബോധനങ്ങൾക്കെതിരെ ജാഗ്രത പുലർത്തുവാൻ അവരെ ഓർമ്മിപ്പിക്കുവാനും ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?
2. സ്നേഹത്തിന്റെ 'മാക്സിമലിസ'മാണ് വിശുദ്ധി എന്ന കാഴ്ചപ്പാട് ജീവിതത്തിൽ ഉൾക്കൊള്ളുവാനും വിശ്വാസികൾക്കു നല്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
3. സഭയെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്ന ഒരു കുടുംബമായി കെട്ടിപ്പടുക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
4. അന്ത്യവിധിയെ ആത്മധൈര്യത്തോടെ നേരിടുവാൻതക്കവിധം ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. എന്റെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന സഭാസമൂഹത്തെ ഒരു സാഹോദര്യകൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. രാജേഷ് പുല്ലന്തനാൽ | 3,520/- |
| റവ. ഫാ. ജോസ് ചവറപ്പുഴ | 15,000/- |
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം | 30,000/- |
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 4,000/- |
| റവ. ഫാ. മനു കെ. മാത്യു കിളികൊത്തിപ്പാറ | 12,000/- |
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 14,000/- |

**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**


## സ്നേഹസ്മരണയ്ക്ക്



**ഫാ. തോമസ് വീട്ടുവേലിക്കുന്നേൽ**
**(06.10.1982)**



**ഫാ. എബ്രാഹം മണ്ണംപ്ലാക്കൽ**
**(10.10.2017)**



**ഫാ. മാത്യു നെല്ലരി**
**(10.10.2018)**



**ഫാ. ജോർജ് കുത്തിവളച്ചേൽ**
**(15.10.1995)**



**ഫാ. ജേക്കബ് കാവാലം**
**(19.10.2011)**



**ഫാ. ജോസഫ് തൈപ്പറമ്പിൽ**
**(25.10.1996)**

# അജപാലനോത്തേജന വിഭാഗം

### ജീവൻ ദശാംശ വിഹിത വിതരണം

ജീവൻ 2021 ഇടവകകൾക്കുള്ള ദശാംശവിഹിതം വിതരണത്തിന് തയ്യാറായിക്കഴിഞ്ഞു. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ അർഹതപ്പെട്ടവരെ കണ്ടെത്തി നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് (ഇടവക വിഹിതത്തിന്റെ അടിസ്ഥാനത്തിൽ) വ്യക്തികൾക്ക് തുക കൈമാറുന്നത്. നിസ്സഹായരായ അനേകം വ്യക്തികൾക്ക് ആശ്വാസമാകുന്ന ജീവൻ ദശാംശപദ്ധതിയിൽ ആത്മാർത്ഥമായി സഹകരിച്ചവരെയും അതിന് നേതൃത്വം നല്കിയവരെയും നന്ദിയോടെ സ്മരിക്കുന്നു. 135 ഇടവകകളിൽ നിന്നായി 1,14,55,695/- രൂപ ലഭിച്ചു. ഓരോ ഇടവകയ്ക്കുമുള്ള ദശാംശവിഹിതം ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

### ജീവകാരുണ്യപ്രവർത്തന റിപ്പോർട്ട്

ജീവൻ 2020 ഉൾപ്പെടെ ഇടവകയിൽ നിന്നും കഴിഞ്ഞ സാമ്പത്തികവർഷം തുടങ്ങി സെപ്റ്റംബർ 2021 വരെ ചെയ്തുവന്ന ജീവകാരുണ്യ പ്രവർത്തനറിപ്പോർട്ട് ഒക്ടോബർ 15 നു മുമ്പായി പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ എത്തിക്കുകയോ Scanned copy പാസ്റ്ററൽ ആനിമേഷൻ മെയിൽ (panimationkply@gmail.com)/ വാട്സ്ആപ്പിൽ ( Fr. Stanly- 9496033110) നല്കുകയോ ചെയ്യുമല്ലോ.

### ആരാധനവത്സര കലണ്ടർ

ആരാധനവത്സര കലണ്ടർ തയ്യാറാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ മുൻകൂട്ടി

സ്വീകരിക്കുന്ന ഓർഡറുകൾക്കനുസരിച്ചുള്ള എണ്ണം കലണ്ടറുകളാണ് നമ്മൾ പ്രിന്റ് ചെയ്യുന്നത്. അതിനാൽ ഓരോ ഇടവകയ്ക്കും ആവശ്യമുള്ള കലണ്ടറുകളുടെ എണ്ണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഒക്ടോബർ 20-ന് മുമ്പായി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പാസ്റ്ററൽ ആനിമേഷൻ ഓഫീസിലെ താഴെപറയുന്ന നമ്പരുകളിലേയ്ക്ക് അറിയിക്കുമല്ലോ. Fr. Stanly - 9496033110 , Bins Abraham - 9846803036).

## കട്ടപ്പന, ഉപ്പുതറ ഫൊറോനകൾ

കട്ടപ്പന, ഉപ്പുതറ ഫൊറോനകളിലെ ബഹുമാനപ്പെട്ട അച്ചന്മാരെ ഡയറക്ടർ സന്ദർശിച്ചു. സിവിൾ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് സഹകരിച്ച എല്ലാ അച്ചന്മാരെയും നന്ദിയോടെ സ്മരിക്കുന്നു.

## സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട്

സീറോ മലബാർ സഭയിലെ കേരളത്തിലുള്ള രൂപതകളെ ഉൾപ്പെടുത്തിക്കൊണ്ട് നടന്ന സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സർവ്വേയെക്കുറിച്ചുള്ള അവലോകനം സെപ്റ്റംബർ 11, 12 തീയതികളിൽ വൈകുന്നേരം 6.30 മുതൽ 8 മണിവരെ ഓൺലൈനിൽ നടത്തപ്പെട്ടു. സീറോ മലബാർ സഭ പബ്ലിക്ക് അഫയേഴ്സ് കമ്മീഷന്റെ നേതൃത്വത്തിൽ തൃശൂർ അതിരൂപത അജപാലന ഗവേഷണ വിഭാഗമായ പറോക്കിന്റെ സഹകരണത്തോടെ നടത്തപ്പെട്ട വെബിനാറിൽ കാഞ്ഞിരപ്പള്ളി രൂപത പബ്ലിക് അഫയേഴ്സ് കമ്മീഷൻ കോർ ടീം അംഗങ്ങൾ പങ്കെടുത്തു.

## പബ്ലിക് അഫയേഴ്സ് കമ്മീഷൻ കോർ ടീം

രൂപത പബ്ലിക് അഫയേഴ്സ് കമ്മീഷൻ കോർ ടീം രൂപീകരിച്ചു. പാസ്റ്ററൽ കൗൺസിലംഗങ്ങൾ, വിവിധ സംഘടനകളുടെ പ്രതിനിധികൾ, വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവർ എന്നിവരുൾപ്പെടുന്ന ടീം രൂപതയുടെ സാമൂഹ്യഇടപെടലുകളെ സഹായിക്കുന്ന കൂട്ടായ്മയായി പ്രവർത്തിക്കും.

**ദശാംശ വിഹിത വിതരണം താഴെ പറയുന്ന ക്രമത്തിലാണ്.**

ഇടവകകൾ : 75%

അഭിവന്ദ്യ പിതാവിന്റെ അടിയന്തിരസഹായനിധി : 5%

ജീവൻ പദ്ധതി പ്രവർത്തന നിധി : 5%

അടിയന്തിര സഹായമർഹിക്കുന്ന ഇടവകകൾക്കുള്ളത് : 5.5%

വൈദികക്ഷേമം : 5%

പാസ്റ്ററൽ ആനിമേഷൻ പ്രവർത്തനങ്ങൾ : 4.5%

**അജപാലന ഡിപ്പാർട്ട്മെന്റുകൾക്കുള്ള വിഹിതം**

| | | |
|---|---|---|
| അമല കമ്യൂണിക്കേഷൻസ് | : | 100000 |
| ബൈബിൾ അപ്പസ്തോലേറ്റ് | : | 50000 |
| മീഡിയ & പൊതുജനസമ്പർക്കം | : | 100000 |
| ഡെയർ, പീരുമേട് | : | 100000 |
| ഡി.സി.എം.എസ്. | : | 50000 |
| കെ.സി.എസ്.എൽ. | : | 40000 |
| ലിറ്റർജി ഡിപ്പാർട്ട്മെന്റ് | : | 50000 |
| മാതൃവേദി | : | 50000 |
| യുവദീപ്തി - എസ്.എം.വൈ.എം. | : | 250000 |
| | | **790000** |

## Diocese of Kanjirappally
## TITHE COLLECTION & DISTRIBUTION 2021 (Forane-wise)

| Name of the Church | Collection | Preliminary Allocation | Proportional Share | Grand total of Allocation |
|---|---|---|---|---|
| **Anakkara Forane** | A | B | E | F |
| Anakkara | 2,48,715 | 17,000 | 1,44,063 | 1,61,063 |
| Chakkupallam | 61,750 | 17,000 | 27,822 | 44,822 |
| Chellarcoil | 62,055 | 17,000 | 28,012 | 45,012 |
| Cumbummettu | 35,000 | 17,000 | 11,191 | 28,191 |
| Greenvalley | 24,000 | 17,000 | 4,352 | 21,352 |
| Karunapuram | 42,895 | 17,000 | 16,100 | 33,100 |
| Kochera | 96,060 | 17,000 | 49,154 | 66,154 |
| Kuzhitholu | 92,390 | 17,000 | 46,872 | 63,872 |
| Nettithozhu | 1,41,900 | 17,000 | 77,653 | 94,653 |
| Puttady | 43,500 | 17,000 | 16,476 | 33,476 |
| Vandanmedu | | | - | - |
| **Erumely Forane** | | | | |
| Angelvalley | | | - | - |
| Arayanjilimannu | 9,520 | 12,000 | - | 12,000 |
| Elivalikkara | 21,015 | 17,000 | 2,496 | 19,496 |
| Erumely | 3,08,640 | 17,000 | 1,81,320 | 1,98,320 |
| Eruthuapuzha | 27,350 | 17,000 | 6,435 | 23,435 |
| Kanamala | | | - | - |
| Kannimala | 1,02,565 | 17,000 | 53,198 | 70,198 |
| Kollamula | 2,08,130 | 17,000 | 1,18,830 | 1,35,830 |
| Kurumpanmuzhy | 15,795 | 17,000 | - | 17,000 |
| Manipuzha | | | - | - |
| Mukkoottuthara | | | - | - |
| Niravu | 24,055 | 17,000 | 4,386 | 21,386 |
| Panapilavu | 11,530 | 12,000 | - | 12,000 |
| Pazhaya Koratty | 33,021 | 17,000 | 9,961 | 26,961 |
| Thulappally | 42,610 | 17,000 | 15,922 | 32,922 |
| Umikkuppa | 28,650 | 17,000 | 7,243 | 24,243 |
| Vechoochira | 1,30,970 | 17,000 | 70,858 | 87,858 |

| | | | | |
|---|---|---|---|---|
| **Kanjirapally Forane** | | | | |
| Anakkal | 4,01,125 | 17,000 | 2,38,820 | 2,55,820 |
| Anchilippa | 92,615 | 17,000 | 47,012 | 64,012 |
| Cheruvally | 1,05,360 | 17,000 | 54,936 | 71,936 |
| Kanjirapally | 1,00,000 | 17,000 | 51,603 | 68,603 |
| Kappadu | 72,280 | 17,000 | 34,369 | 51,369 |
| Karikkattoor | 45,800 | 17,000 | 17,906 | 34,906 |
| Koovappally | 5,12,450 | 17,000 | 3,08,033 | 3,25,033 |
| KorattyPuthenpalli | 1,49,090 | 17,000 | 82,124 | 99,124 |
| Kunnumbhagam | 3,07,750 | 17,000 | 1,80,766 | 1,97,766 |
| Pazhayidom | 80,515 | 17,000 | 39,489 | 56,489 |
| Thamarakunnu | 3,02,320 | 17,000 | 1,77,390 | 1,94,390 |
| Thampalackadu | 68,725 | 17,000 | 32,159 | 49,159 |
| Tharakanattukunnu | 45,330 | 17,000 | 17,613 | 34,613 |
| **Kattappana Forane** | | | | |
| Grace Mount | 29,040 | 17,000 | 7,486 | 24,486 |
| Grace Valley | 16,190 | 17,000 | - | 17,000 |
| Kalthotty | | | - | - |
| Kanchiyar | 80,000 | 17,000 | 39,169 | 56,169 |
| Kattappana | 5,31,035 | 17,000 | 3,19,588 | 3,36,588 |
| Kochuthovala | 51,250 | 17,000 | 21,294 | 38,294 |
| Marykulam | 1,89,425 | 17,000 | 1,07,201 | 1,24,201 |
| Mepara | 24,480 | 17,000 | 4,650 | 21,650 |
| Mettukuzhi | 7,480 | 12,000 | - | 12,000 |
| Nariampara | 46,000 | 17,000 | 18,030 | 35,030 |
| Swaraj | 18,240 | 17,000 | 771 | 17,771 |
| Valiyathovala | 94,300 | 17,000 | 48,059 | 65,059 |
| Vallakkadavu | 30,290 | 17,000 | 8,263 | 25,263 |
| **Kumily Forane** | | | | |
| Amaravathy | 79,960 | 17,000 | 39,144 | 56,144 |
| Anavilasam | 83,425 | 17,000 | 41,298 | 58,298 |
| Keerikara | 54,850 | 17,000 | 23,532 | 40,532 |
| Kumily | 1,81,795 | 17,000 | 1,02,457 | 1,19,457 |
| Mlamala | 38,000 | 17,000 | 13,056 | 30,056 |
| Nazranipuram | 1,65,620 | 17,000 | 92,401 | 1,09,401 |
| Periyar Vallakadavu | 44,965 | 17,000 | 17,387 | 34,387 |

| | | | | |
|---|---|---|---|---|
| Santhigiri | 25,425 | 17,000 | 5,238 | 22,238 |
| Vellaramkunnu | 69,270 | 17,000 | 32,498 | 49,498 |
| Wallardie | 40,900 | 17,000 | 14,859 | 31,859 |
| **Mundakayam Forane** | | | | |
| Koruthodu | 1,09,095 | 17,000 | 57,258 | 74,258 |
| Madukka | | | - | - |
| Mangapetta | | | - | - |
| Mukkulam | 7,305 | 12,000 | - | 12,000 |
| Mulamkunnu | 19,890 | 17,000 | 1,797 | 18,797 |
| Mundakayam | 2,76,290 | 17,000 | 1,61,207 | 1,78,207 |
| Nirmalagiri | 26,550 | 17,000 | 5,937 | 22,937 |
| Paloorkkavu | 47,255 | 17,000 | 18,810 | 35,810 |
| Punchavayal | 72,440 | 17,000 | 34,468 | 51,468 |
| Thekkemala | 35,000 | 17,000 | 11,191 | 28,191 |
| Vadakkemala | 6,875 | 12,000 | - | 12,000 |
| Vandanpathal | 1,27,540 | 17,000 | 68,725 | 85,725 |
| Yendayar | | | - | - |
| **Mundiyeruma Forane** | | | | |
| Aniyartholu | 16,650 | 17,000 | - | 17,000 |
| Chembalam | 1,08,115 | 17,000 | 56,648 | 73,648 |
| Chottupara | 11,780 | 12,000 | - | 12,000 |
| Mundiyeruma | 53,125 | 17,000 | 22,460 | 39,460 |
| Nirmalapuram | 8,480 | 12,000 | - | 12,000 |
| Pampadumpara | 17,835 | 17,000 | 519 | 17,519 |
| Pulianmala | 68,330 | 17,000 | 31,913 | 48,913 |
| Ramakkalmedu | 85,050 | 17,000 | 42,308 | 59,308 |
| Sanyasiyoda | 10,560 | 12,000 | - | 12,000 |
| Third Camp | 38,530 | 17,000 | 13,386 | 30,386 |
| **Pathanamthitta Forane** | | | | |
| Cheenkalthadam | 5,900 | 12,000 | - | 12,000 |
| Konni | 32,000 | 17,000 | 9,326 | 26,326 |
| Koothattukulam | 7,860 | 12,000 | - | 12,000 |
| Kozhancherry | 6,760 | 12,000 | - | 12,000 |
| Meenkuzhy | 17,900 | 17,000 | 560 | 17,560 |
| Pathanamthitta | 81,880 | 17,000 | 40,337 | 57,337 |
| Pezhumpara | 53,950 | 17,000 | 22,973 | 39,973 |

| | | | | |
|---|---|---|---|---|
| Seethathodu | 10,000 | 12,000 | - | 12,000 |
| Vakayar | 10,200 | 12,000 | - | 12,000 |
| **Peruvanthanam Forane** | | | | |
| Amalagiri | 33,955 | 17,000 | 10,541 | 27,541 |
| Azhangad | 14,540 | 17,000 | - | 17,000 |
| Cheruvallikulam | | | - | - |
| Christunagar | 11,190 | 12,000 | - | 12,000 |
| Elappara | 39,450 | 17,000 | 13,958 | 30,958 |
| Kanayankavayal | 10,350 | 12,000 | - | 12,000 |
| Meloram | 10,680 | 12,000 | - | 12,000 |
| Nallathanny | 7,500 | 12,000 | - | 12,000 |
| Peermade | 87,450 | 17,000 | 43,800 | 60,800 |
| Peruvanthanam | 74,035 | 17,000 | 35,460 | 52,460 |
| Purakkayam | | | - | - |
| Kuttikkanam | | | - | - |
| **Ponkunnam Forane** | | | | |
| Anickadu | 4,37,995 | 17,000 | 2,61,743 | 2,78,743 |
| Chamampathal | 85,610 | 17,000 | 42,657 | 59,657 |
| Chengalam | 1,23,030 | 17,000 | 65,921 | 82,921 |
| Chenkal | | | - | - |
| Chennakkunnu | 31,254 | 17,000 | 8,862 | 25,862 |
| Elamgulam | 4,45,900 | 17,000 | 2,66,658 | 2,83,658 |
| Elangoi | 56,270 | 17,000 | 24,415 | 41,415 |
| Elikkulam | 1,78,240 | 17,000 | 1,00,247 | 1,17,247 |
| Neyyattuserry | 96,090 | 17,000 | 49,172 | 66,172 |
| Padanilam | 21,400 | 17,000 | 2,736 | 19,736 |
| Ponkunnam | 5,21,583 | 17,000 | 3,13,712 | 3,30,712 |
| Pullanithakidy | 53,350 | 17,000 | 22,600 | 39,600 |
| Thachapuzha | 75,200 | 17,000 | 36,184 | 53,184 |
| Vanchimala | 41,586 | 17,000 | 15,286 | 32,286 |
| **Ranni Forane** | | | | |
| Bethany Hills | 5,600 | 12,000 | - | 12,000 |
| Chempanoly | 20,235 | 17,000 | 2,011 | 19,011 |
| Edamon | 23,970 | 17,000 | 4,333 | 21,333 |
| Kannampally | 36,440 | 17,000 | 12,086 | 29,086 |
| Perumthenaruvi | 7,685 | 12,000 | - | 12,000 |
| Perunad | 10,500 | 12,000 | - | 12,000 |

| | | | | |
|---|---|---|---|---|
| Placherry | 33,750 | 17,000 | 10,414 | 27,414 |
| Ranni | 31,650 | 17,000 | 9,108 | 26,108 |
| **Upputhara Forane** | | | | |
| Alampally | 31,730 | 17,000 | 9,158 | 26,158 |
| Chemmannu | 44,615 | 17,000 | 17,169 | 34,169 |
| Chinnar | 48,110 | 17,000 | 19,342 | 36,342 |
| Mariagiri | 34,200 | 17,000 | 10,694 | 27,694 |
| Pulinkatta | 30,050 | 17,000 | 8,114 | 25,114 |
| Pullikkanam | 15,670 | 17,000 | - | 17,000 |
| Rajagiri | 35,935 | 17,000 | 11,772 | 28,772 |
| Uluppooni | | | - | - |
| Upputhara | 1,00,651 | 17,000 | 52,008 | 69,008 |
| **Velichiyani Forane** | | | | |
| Edakkunnam | 40,720 | 17,000 | 14,747 | 31,747 |
| Inchiyany | 79,000 | 17,000 | 38,547 | 55,547 |
| John Paul Nagar | 66,020 | 17,000 | 30,477 | 47,477 |
| Mangappara | 17,090 | 17,000 | 56 | 17,056 |
| Karikulam | 1,10,730 | 17,000 | 58,274 | 75,274 |
| Palampra | 24,100 | 17,000 | 4,414 | 21,414 |
| Palapra | 19,000 | 17,000 | 1,243 | 18,243 |
| Podimattam | 5,00,000 | 17,000 | 3,00,293 | 3,17,293 |
| Poomattam | 13,500 | 17,000 | - | 17,000 |
| Velichiyani | 2,32,170 | 17,000 | 1,33,776 | 1,50,776 |
| | **1,14,40,340** | **21,95,000** | **57,92,755** | **79,87,755** |

Collection after Division

Kanchiyar 15,355

Total Amount received 80000 + 15355 = 95355

Allocated Amount 65,671

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**രൂപതാ ബൈബിൾ കലോത്സവം 2021**

കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുവാനും ആത്മീയ വളർച്ചയിൽ അവരെ സഹായിക്കുവാനുമായി വർഷങ്ങളായി നടത്തിവരുന്ന കാഞ്ഞിരപ്പള്ളി രൂപതാ ബൈബിൾ കലോത്സവത്തിന്റെ ഇടവകതല മത്സരങ്ങൾ സെപ്റ്റംബർ മാസത്തിൽ പൂർത്തിയായി. ഇടവകതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചവ ഫൊറോനാതലത്തിൽ വിലയിരുത്തി അതിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവ ഒക്ടോബർ 15 നു മുമ്പായി സുവാറ ഓഫീസിലെത്തിക്കുകയോ അയച്ചു തരികയോ ചെയ്യേണ്ടതാണ്. ഫൊറോനാതല മത്സരങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ഫൊറോനാ സമിതിക്ക് ആയിരിക്കും.

ബൈബിൾ കലോത്സവ ഇനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**കലാമത്സരങ്ങൾ**

**പ്രസംഗം**

ലിറ്റിൽ ഫ്ളവർ വിഭാഗത്തിന്റെ മത്സരങ്ങൾ ഇടവകതലത്തിൽ മാത്രമാകയാൽ പ്രസംഗവിഷയം ഇടവകയിൽനിന്നു തന്നെ നൽകാവുന്നതാണ്.

ഡോമിനിക് സാവിയോ, അൽഫോൻസാ, സെന്റ് തോമസ് വിഭാഗങ്ങളുടെ വിഷയം താഴെ കൊടുത്തിരിക്കുന്നു.

പ്രസംഗസമയം 3 മിനിറ്റ്.

പ്രസംഗ വിഷയം :

ഡോമിനിക് സാവിയോ : വിശുദ്ധജീവിതം പിതാവിന്റെ ഇഷ്ടവും പുത്രന്റെ മാതൃകയും.

സെന്റ് അൽഫോൻസാ : വി. കുർബാനയുടെ സ്വാധീനം വ്യക്തി ജീവിതത്തിലും നിത്യജീവിതത്തിലും.

സെന്റ് തോമസ് : നവമാധ്യമങ്ങൾ ആത്മീയ വളർച്ചയ്ക്കും നന്മയ്ക്കുമായി.

**സംഗീതം**

ക്രിസ്തീയ ഭക്തിഗാനങ്ങൾ മാത്രം പാടുക. അർദ്ധ ശാസ്ത്രീയഗാനങ്ങൾ അനുവദനീയമാണ്. സമയം 3 മിനിറ്റ്.

**സമൂഹഗാനം** (ഒരു ഇടവകയിൽ നിന്ന് ഒരു ടീം - പൊതുവിൽ)

പങ്കെടുക്കുന്നവർ 7 പേരിൽ കവിയാൻ പാടില്ല. നാല് പേരിൽ കുറയുകയുമരുത്. കവാസ് മാത്രം ഉപയോഗിക്കാം. സമയം 5 മിനിറ്റ്. ഗ്രൂപ്പിൽ 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള ഏതു കുട്ടികളുമാവാം.

**പദ്യോച്ചാരണം**

ക്രിസ്തീയ കവിതകളായിരിക്കണം പദ്യോച്ചാരണത്തിന് ഉപയോഗിക്കേണ്ടത്. ആലപിക്കുന്ന ഭാഗം എവിടെ നിന്ന് എടുത്തു എന്ന് ആദ്യം പറയണം. സമയം 3 മിനിറ്റ്.

**രചനാ മത്സരങ്ങൾ**

സെന്റ് തോമസ് വിഭാഗം (ക്ലാസ്സ് 10, 11, 12)

- കഥ, കവിത : ഈശോ വസിക്കുന്ന കുടുംബം (ലൂക്കാ: 19:1-10)
- ഉപന്യാസം (3 പേജ്) : വിശ്വാസജീവിതത്തിൽ ക്ഷമയുടെ പ്രസക്തി.

അൽഫോൻസാ വിഭാഗം (ക്ലാസ്സ് 7, 8, 9)

- കഥ,കവിത : എല്ലാം കാണുന്ന ദൈവം.
- ഉപന്യാസം : വി. യൗസേപ്പ് പിതാവിന്റെ ജീവിത മാതൃക കുടുംബാന്തരീക്ഷത്തിൽ

ഡൊമിനിക് സാവിയോ വിഭാഗം

- കഥ, കവിത : നീതിമനായ മാർ യൗസേപ്പ് (മത്തായി 1:19)

ഇടവക തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന രചനകൾ ഡിജിറ്റൽ ഫോർമാറ്റിലോ ഹാർഡ് കോപ്പി ആയോ സെപ്റ്റംബർ 30 ന് മുമ്പായി ഫോറോനാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. ഫൊറോനയിലെ ഇടവകകളിൽ നിന്ന് ലഭിക്കുന്നവ ഫൊറോനാതലത്തിൽ വീണ്ടും പരിശോധിച്ച് ഒന്നാം സ്ഥാനം ലഭിക്കുന്നവ ഒക്ടോബർ 10 ന് മുമ്പായി സുവാറയിലേയ്ക്ക് അയച്ചു നൽകേണ്ടതാണ്

**ചിത്രരചനാ മത്സരം** ക്രിസ്തുമസിനോട് അനുബന്ധിച്ചാണ് നടത്തപ്പെടുന്നത്. വിഷയങ്ങൾ പിന്നീട് നൽകുന്നതാണ്.

**സൺഡേസ്കൂൾ അർദ്ധവാർഷിക പരീക്ഷ**

ഒക്ടോബർ 3-ാം തീയതി ഞായറാഴ്ച 11 a.m. മുതൽ 12 മണിവരെ 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ Ist Semester പരീക്ഷകൾ നടത്തപ്പെടുന്നു. 1, 2, 3 ക്ലാസുകളിലെ കുട്ടികൾക്ക് ചോദ്യപ്പരീക്ഷയും ബാക്കിയുള്ളവർക്ക് എഴുത്തുപരീക്ഷയുമാണ്. ബഹു. വികാരിയച്ചന്മാർ വഴി നല്കപ്പെടുന്ന ചോദ്യങ്ങൾ പരീക്ഷാ സമയത്ത് അധ്യാപകർ കുട്ടികൾക്ക് അയച്ചു നൽകുകയും കുട്ടികൾ വൃത്തിയുള്ള പേപ്പറിൽ ഉത്തരങ്ങൾ എഴുതി അധ്യാപകരെ ഏല്പിക്കുകയുമാണ് ചെയ്യേണ്ടത്. കഴിഞ്ഞവർഷം നാം നടത്തിയതുപോലെ തന്നെ പരീക്ഷകളുടെ ഗൗരവം സൂക്ഷിക്കുവാനും കുട്ടികളോട് പഠിച്ചൊരുങ്ങി പരീക്ഷകളെഴുതുവാനും പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ.

ക്ലാസ് 1 – 6 : പാഠങ്ങൾ 1 – 6
ക്ലാസ് 7 – 10 : പാഠങ്ങൾ 1 – 7
ക്ലാസ് 11 – 12 : പാഠങ്ങൾ 1 – 6

കൂടാതെ ഓരോ ക്ലാസിനും നല്കിയിരിക്കുന്ന നമസ്ക്കാരങ്ങൾ സൺഡേസ്കൂൾ ഡയറക്ടറിയിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. State Syllabus - ൽ 12-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി ഒക്ടോബർ 25-ാം തീയതി പരീക്ഷ നടത്തപ്പെടുന്നതാണ്. മൂന്നാം

തീയതി പരീക്ഷ എഴുതുവാൻ അസൗകര്യമുള്ള കുട്ടികൾക്ക് ഒക്ടോബർ 25-ാം തീയതി പരീക്ഷ എഴുതാവുന്നതാണ്.

## H.D.C. 5th Batch

Higher Diploma in Catechesis (HDC) അഞ്ചാം ബാച്ചിന്റെ റിസൽട്ട് പ്രസിദ്ധീകരിച്ചു. പരീക്ഷകളും മറ്റു ചോദ്യോത്തരങ്ങൾ, പ്രബന്ധങ്ങൾ, Viva എന്നിവയും വിജയകരമായി നടത്തി കോഴ്സ് പൂർത്തിയാക്കിയവരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

1. ആഷ്നാ ജോസ് പാലുക്കുന്നേൽ നിർമ്മലഗിരി
2. സി. ജീവ ജോസ് സി.എം.സി. പൊടിമറ്റം
3. ബീന ബേബി വയലിൽ കളപ്പുരയിൽ, മേരികുളം
4. ഷൈനി മാത്യു കൊച്ചുചേന്നാട്ട്, മേരികുളം
5. ജോയസ് ടി വി നാമ്പോഴിൽ, മുണ്ടക്കയം
6. അനു വർഗ്ഗീസ് അരങ്ങത്ത്, ഗ്രേസ്മൗണ്ട്
7. ജോസ് സെബാസ്റ്റ്യൻ വാതല്ലൂർ, മുളംകുന്ന്
8. മെറീന ടോം ഈറ്റത്തോട്ട്, കപ്പാട്
9. റോസ്ബെല്ല വർഗ്ഗീസ് കിഴക്കേമുറിയിൽ, കരിക്കാട്ടൂർ
10. ജെറിൻ തോമസ് പുത്തൻപുരയ്ക്കൽ, വലിയതോവാള
11. ജോബി മാത്യു പന്തിരുവേലിൽ, കുന്നുംഭാഗം
12. ആൻസി അർനോൾഡ് വട്ടോത്ത്, കപ്പാട്
13. ജോസഫ് പി.എം. പൊട്ടനാനിയിൽ, കപ്പാട്
14. ലൂയിസ് അലക്സ് കറിപ്ലാക്കൽ, കാഞ്ഞിരപ്പള്ളി
15. പ്രവീൺ തര്യൻ കട്ടിക്കാരൻ, തമ്പലക്കാട്
16. ജോയ് ജോസഫ് പടിഞ്ഞാറേമുറിയിൽ, കപ്പാട്
17. അഞ്ജു ഫ്രാൻസിസ് അഞ്ചനാട്ട്, കാഞ്ഞിരപ്പള്ളി
18. മേരിക്കുട്ടി സജി മുണ്ടാട്ടുചുണ്ടയിൽ, കൽത്തൊട്ടി
19. ജസ്റ്റിൻ ജോസഫ് മലമാക്കൽ, പെരുവന്താനം
20. റ്റെനി മാത്യു ചുഴികുന്നേൽ, ചെറുവള്ളി

21. സോണിക്കുട്ടി ജോർജ്ജ് തോപ്പിൽ, പുളിങ്കട്ട
22. തോമസ് വടക്കേത്ത്, വലിയതോവാള
23. മിനി ഷിബു കിഴക്കയിൽ, ചേനപ്പാടി
24. സി. ജോസിന എഫ്.സി.സി., പൊടിമറ്റം
25. സാബു വർഗ്ഗീസ് വണ്ടർകുന്നേൽ, വലിയതോവാള
26. ഷിജി പയസ് അക്കരകടുപ്പിൽ, പുളിങ്കട്ട
27. സജി ജോസ് കോഴിമല, കപ്പാട്

**സീസൺസ് ക്വിസ് - 2**

കൈത്താക്കാലത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 28-ാം തീയതി രണ്ടാമത് സീസൺസ് ക്വിസ് നടത്തപ്പെട്ടു. കഴിഞ്ഞ പ്രാവശ്യത്തേതിനേക്കാൾ കൂടുതൽ കുട്ടികൾ പങ്കെടുക്കുകയും 105 പേർ മുഴുവൻ മാർക്ക് കരസ്ഥമാക്കുകയും ചെയ്തു. മുഴുവൻ മാർക്ക് വാങ്ങിയ കുട്ടികളുടെ ഇടവകകളും എണ്ണവും ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| കട്ടപ്പന | - | 11 | എലിക്കുളം | - | 3 |
| കൂവപ്പള്ളി | - | 10 | മരിയഗിരി | - | 2 |
| നരിയംപാറ | - | 2 | കൊല്ലമുള | - | 5 |
| മേരികുളം | - | 2 | കണമല | - | 1 |
| പൊൻകുന്നം | - | 3 | പുളിങ്കട്ട | - | 3 |
| പുത്തൻകൊരട്ടി | - | 7 | വലിയതോവാള | - | 6 |
| ആനവിലാസം | - | 8 | ആനക്കല്ല് | - | 1 |
| ഗ്രേസ്മൗണ്ട് | - | 2 | കാഞ്ഞിരപ്പള്ളി | - | 1 |
| ഇടക്കുന്നം | - | 1 | ഉപ്പുതറ | - | 3 |
| മ്ലാമല | - | 1 | കാഞ്ചിയാർ | - | 1 |
| പഴയകൊരട്ടി | - | 1 | പത്തനംതിട്ട | - | 8 |
| ചെമ്പനോലി | - | 1 | കുമളി | - | 4 |
| പാലമ്പ്ര | - | 1 | ഉമിക്കുപ്പ | - | 3 |
| പൊടിമറ്റം | - | 3 | വണ്ടൻപതാൽ | - | 3 |

ഏലിയാസ്ലീവാ മൂശക്കാലങ്ങളെ അധികരിച്ചുള്ള സീസൺസ് ക്വിസ് ഒക്ടോബർ 30-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതാണ്.

## Basic Catechetical Course (BCC)

2021 ജൂൺ 1 മുതൽ ജൂലൈ 20 വരെ തീയതികളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഒരു മണിക്കൂർ വീതം നടത്തപ്പെട്ട 18 ക്ലാസുകളിൽ പങ്കെടുത്ത് നോട്ടുകൾ സമർപ്പിച്ച് വിജയകരമായി കോഴ്സ് പൂർത്തിയാക്കപ്പെട്ടവർക്കായി സഭാതലത്തിൽ നല്കപ്പെടുന്ന സർട്ടിഫിക്കറ്റുകൾ ഒക്ടോബർ 1-ാം തീയതി മുതൽ സുവാറ ഓഫീസിൽ ലഭ്യമാണ്. BCC ഓൺലൈൻ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിശ്വാസജീവിതപരിശീലകർക്ക് അനുമോദനങ്ങൾ.

## നവീകരിച്ച കുർബാനക്രമം - ഒരുക്കപഠനം

സൺഡേസ്കൂൾ രൂപതാ ആനിമേറ്റേഴ്സിനും ഫൊറോനാ സെക്രട്ടറിമാർക്കും റിസോഴ്സ് ടീം അംഗങ്ങൾക്കുമായി നവീകരിച്ച വി. കുർബാനക്രമത്തെക്കുറിച്ച് പഠനക്ലാസ് നടത്തപ്പെട്ടു. റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ ക്ലാസ് നയിച്ചു. ബൈബിളധിഷ്ഠിതവും ചരിത്രപരവും ആധ്യാത്മിക പശ്ചാത്തലവും ഉൾച്ചേർത്ത് ഇപ്പോഴുള്ള കുർബാനക്രമത്തിൽ വരാനിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും ബോധ്യങ്ങൾ പകരാൻ ക്ലാസ് ഉപകരിച്ചു. വിശ്വാസജീവിതപരിശീലകരുടെ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങളും അച്ചൻ നല്കി. നവംബർ 28 ന് മുമ്പായി രൂപതാ ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ രൂപതയിലെ മുഴുവൻ വിശ്വാസജീവിത പരിശീലകർക്കുമായി പഠനക്ലാസുകൾ നല്കുന്നതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

## പ്ലാറ്റിനം ജൂബിലി

2021 ഒക്ടോബർ 3 മുതൽ 2022 ഒക്ടോബർ 3 വരെ ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ നടത്തപ്പെടുന്നു. ജൂബിലി വർഷത്തിന്റെ ഔദ്യോഗിക ആരംഭം ഭരണങ്ങാനത്ത് നടത്തപ്പെടുന്നതാണ്. ഒക്ടോബർ 3-ാം തീയതി വൈകുന്നേരം 7 മണിക്ക് മുഴുവൻ സൺഡേസ്കൂൾ കുട്ടികളും ഭവനങ്ങളിൽ ബൈബിൾ പ്രതിഷ്ഠിച്ച് പ്ലാറ്റിനം ജൂബിലിയുടേതായി നൽകപ്പെടുന്ന പ്രാർത്ഥന ചൊല്ലുകയും പ്ലാറ്റിനം ജൂബിലി ആന്തം ആലപിക്കുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

## മിഷൻ ഞായർ

ഒക്ടോബർ 17-ാം തീയതി ഞായറാഴ്ച മിഷൻ ഞായറായി സഭയിൽ ആചരിക്കുന്നു. ഇടവകയിൽ സാധ്യമായ രീതിയിൽ മിഷൻ ഞായറാഘോഷങ്ങൾ ക്രമീകരിക്കുവാനും കുട്ടികൾക്കായി മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരുടെ വീഡിയോ സന്ദേശങ്ങൾ തയ്യാറാക്കുവാനും മിഷൻലീഗ് യൂണിറ്റ്തല പ്രവർത്തനങ്ങൾ സജീവമാക്കുവാനും ശ്രദ്ധിക്കുമല്ലോ. (ഫൊറോനാ ഡയറക്ടർമാർ നല്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ). ഒക്ടോബർ 4 മുതൽ 16 വരെ തീയതികളിൽ വൈകുന്നേരം 6 മുതൽ 6.30 വരെ 13 ഫൊറോനകളിലെയും ഇടവക എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഓൺലൈൻ മീറ്റിംഗ് ചേർന്ന് ഒക്ടോബർ 17-ാം തീയതി നടത്തപ്പെടുന്ന രൂപതാതല മിഷൻ സംഗമത്തിനുള്ള ഒരുക്കങ്ങൾ നടത്തപ്പെടുന്നതാണ്.

ഒക്ടോബർ

4 - അണക്കര
5 - കുമളി
6 - കട്ടപ്പന
7 - മുണ്ടിയെരുമ
8 - ഉപ്പുതറ
9 - പെരുവന്താനം
10 - മുണ്ടക്കയം
11 - വെളിച്ചിയാനി
12 - കാഞ്ഞിരപ്പള്ളി
13 - പൊൻകുന്നം
14 - എരുമേലി
15 - റാന്നി
16 - പത്തനംതിട്ട

ഒക്ടോബർ 17 ഞായർ രൂപതാ മിഷൻ സംഗമം (ഓൺലൈൻ)

**മിഷൻ സന്ദേശ് 2021**

ഒക്ടോബർ പതിനേഴാം തീയതി മിഷൻ ഞായറായി സഭയിൽ ആചരിക്കുകയാണല്ലോ. പതിവായി നമ്മൾ നടത്താറുള്ള മിഷൻ സന്ദേശ് അനേകം ദൈവാലയങ്ങളുടെ നിർമിതിയിൽ വലിയ സഹായമായിട്ടുണ്ട്. പ്രതിസന്ധിയുടെ ഈ നാളുകളിലും പന്ത്രണ്ടു ലക്ഷത്തിലധികം രൂപാ സീതത്തോട് സെന്റ് ജോർജ് പള്ളിക്കു വേണ്ടി നൽകുവാൻ കഴിഞ്ഞു എന്നത് വലിയ കാര്യമാണ്. നല്ല ദൈവത്തിനും സഹകരിച്ച ഏവർക്കും നന്ദിയർപ്പിക്കാം.

2021-22 വർഷത്തെ മിഷൻ സന്ദേശ് ഏന്തയാർ സെന്റ് ജൂഡ് പള്ളി നിർമാണത്തിനായാണ് നാം ശേഖരിക്കുന്നത് ദ്രുതഗതിയിൽ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന ഏന്തയാർ ഇടവകയ്ക്ക് മിഷൻ സന്ദേശ് വലിയ സഹായമാകും. ഡിസംബർ 31 ന് മുമ്പായി സാധിക്കുന്ന രീതിയിൽ പ്രസ്തുത പിരിവ് നടത്തുവാനും ബഹു. കുര്യൻ വാഴയിൽ അച്ചനോട് ആത്മാർഥമായി സഹകരിക്കുവാനും ശ്രദ്ധിക്കുമല്ലോ. Bank Account Details :

South Indian Bank Kanjirapally
Ac No. 0113053000005241
IFSC - SIBL0000113
AC Holder - Fr. Vicar General & Director
CML Diocese of Kanjirapally

Sahyadri Co-operative Credit Society LTD
AC Holder - Vicar General and Director
Cherupushpa Mission League
Pastoral Centre, Kanjirapally
A/c No. 1597, A/c No. 262

**അമ്മയ്ക്കരികെ**

എട്ടുനോമ്പുദിനങ്ങളിൽ അമ്മയ്ക്കരികെ എന്ന പേരിൽ കുട്ടികൾക്കായി നല്കപ്പെട്ട മരിയൻ സന്ദേശങ്ങൾ സവിശേഷ ശ്രദ്ധയാകർഷിച്ചു. വിദേശത്ത് ശുശ്രൂഷ നിർവഹിക്കുന്ന നമ്മുടെ രൂപതാംഗങ്ങളായ റവ. ഡോ. അഗസ്റ്റിൻ നെല്ലരി (US), റവ. ഫാ. തോമസ് വെൺമാന്തറ (കാനഡ), റവ. ഫാ. എബ്രഹാം കഴുന്നടി (ഓസ്ട്രേലിയ), റവ. ഫാ. ജോസഫ് ഒരപ്പാൻചിറ (ഓസ്ട്രിയ), റവ. ഫാ. ഷെറിൻ നിരവത്ത് (ഇറ്റലി), റവ. ഫാ. സിബി അറയ്ക്കൽ (അയർലന്റ്), റവ. ഫാ. ജോസഫ് മുപ്രാപ്പള്ളിൽ (ഹോളണ്ട്), റവ. ഫാ. സജിൻ ഇലവനാമുക്കട (സ്പെയിൻ) എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. അതോടൊപ്പം വേണ്ട ക്രമീകരണങ്ങൾ ചെയ്ത വിദേശത്ത് ശുശ്രൂഷ ചെയ്യുന്ന നമ്മുടെ രൂപതാംഗങ്ങളായ എല്ലാ ബഹു. വൈദികരെയും ചെറുപുഷ്പ മിഷൻലീഗ് നന്ദിയോടെ ഓർക്കുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**സുവിശേഷ ധ്യാനം**

കട്ടപ്പന സെന്റ് ജോർജ് ഇടവകയിലെ മതാധ്യാപകർക്കായി സെപ്റ്റംബർ മാസം ഒന്നാം തീയതി മുതൽ ഏഴാം തീയതി വരെ വി. യോഹന്നാന്റെ സുവിശേഷം അടിസ്ഥാനമാക്കിയുള്ള പഠനവും ധ്യാനവും നടന്നു.

**വി. മത്തായിയുടെ സുവിശേഷം**

വിശുദ്ധ മത്തായിയുടെ സുവിശേഷത്തെ കുറിച്ചുള്ള പഠന പരമ്പര പൂർത്തിയായി. ഓൺലൈൻ ക്ലാസ്സുകളിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി!

**വീഡിയോ ക്ലാസുകൾ**

ബൈബിളിന് ഒരു ആമുഖം, വിശുദ്ധ മർക്കോസിന്റെ സുവിശേഷം, വിശുദ്ധ മത്തായിയുടെ സുവിശേഷം, വിശുദ്ധ യോഹന്നാന്റെ സുവിശേഷം, നാം സോദരർ, പിതൃഹൃദയത്തോടെ തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളുടെ വീഡിയോകൾ കാഞ്ഞിരപ്പള്ളി രൂപതയുടെ വെബ്സൈറ്റിൽ പാസ്റ്ററൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ബൈബിൾ അപ്പസ്തോലേറ്റ് വിഭാഗത്തിൽ 'Go to Bible Class' എന്ന ശീർഷകത്തിൽ ലഭ്യമാണ്.

**ഫാ. തോമസ് നിരപ്പേൽ**

**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

**അഖണ്ഡ ജപമാല**

എട്ടുനോമ്പിനോട് അനുബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപത എസ് എം വൈ എം ന്റെ നേതൃത്വത്തിൽ ഫൊറോനാ അടിസ്ഥാനത്തിൽ അഖണ്ഡ ജപമാല നടത്തപ്പെട്ടു.'കത്തോലിക്കാ യുവജനങ്ങളിൽ ശക്തമായ വിശ്വാസ വളർച്ച' എന്നതായിരുന്നു ഈ വർഷത്തെ നിയോഗം. പൊൻകുന്നം,കാഞ്ഞിരപ്പള്ളി, എരുമേലി, റാന്നി-പത്തനംതിട്ട, വെളിച്ചിയാനി, മുണ്ടക്കയം, പെരുവന്താനം, ഉപ്പുതറ, മുണ്ടിയെരുമ, അണക്കര എന്നീ ഫൊറോനകൾ പങ്കെടുത്തു.

**മരിയൻ തീർത്ഥാടനം**

എട്ടു നോമ്പിന്റെ ഭാഗമായി എസ് എം വൈ എം ഫൊറോന സമിതികളുടെ നേതൃത്വത്തിലും രൂപതാ സമിതിയുടെ നേതൃത്വത്തിലും മരിയൻ തീർത്ഥാടനങ്ങൾ നടന്നു. തീർത്ഥാടനത്തിന് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

സെപ്റ്റംബർ 4- എരുമേലി, വെളിച്ചിയാനി, റാന്നി-പത്തനംതിട്ട, രൂപതാസമിതി.

സെപ്റ്റംബർ 5- കാഞ്ഞിരപ്പള്ളി.

സെപ്റ്റംബർ 6- മുണ്ടക്കയം, പെരുവന്താനം

സെപ്റ്റംബർ 8- പൊൻകുന്നം.

മേൽപ്പറഞ്ഞ തീയതികളിൽ നടന്ന മരിയൻ തീർഥാടനങ്ങൾ കത്തീഡ്രൽ പള്ളിയിൽ നിന്നുമാരംഭിച്ച് കാഞ്ഞിരപ്പള്ളി ടൗണിലൂടെ അക്കരപ്പള്ളിയിൽ സമാപിച്ചു.

സെപ്റ്റംബർ 8 ന് കുമളി ഫൊറോന വെള്ളാരംകുന്ന് സെന്റ് മേരീസ് ദൈവാലയത്തിലേക്ക് മരിയൻ തീർത്ഥാടനം നടത്തി.

**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ഐക്യദാർഢ്യം**

സ്വന്തം സമുദായത്തിലെ യുവജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നടത്തിയ നർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ് പരാമർശങ്ങളെ വളച്ചൊടിച്ചുകൊണ്ട് വിവാദങ്ങൾ സൃഷ്ടിച്ചതിൽ പ്രതിഷേധിച്ചുകൊണ്ടും അഭിവന്ദ്യ പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും കാഞ്ഞിരപ്പള്ളി രൂപത എസ്.എം. വൈ. എം പ്രതികരിച്ചു. സെപ്റ്റംബർ11 ശനിയാഴ്ച വിവിധ ക്രൈസ്തവ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ പാലാ നഗരമധ്യത്തിൽ സംഘടിപ്പിച്ച ഐക്യദാർഢ്യ റാലിയിൽ കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം നെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടറോടൊപ്പം 25 യുവജനങ്ങൾ പങ്കെടുത്തു.

സെപ്റ്റംബർ 12 ഞായറാഴ്ച്ച പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി രൂപതയിലെ എസ്.എം. വൈ. എം സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ പാലായിൽ നടന്ന ഐക്യദാർഢ്യ റാലിയിലും സമ്മേളനത്തിലും കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം നെ പ്രതിനിധീകരിച്ച് 100 യുവജനങ്ങൾ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് ആദർശ് കുര്യൻ, ജനറൽ സെക്രട്ടറി തോമാച്ചൻ കത്തിലാങ്കൽ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ എന്നിവർ നേതൃത്വം നൽകി

**വസ്ത്ര ശേഖരണം**

മധ്യപ്രദേശിലുള്ള സാഗർ രൂപതയുടെ സാമൂഹ്യ സേവനപ്രവർത്തനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചേരികളിൽ താമസിക്കുന്ന കുട്ടികൾക്കായി വസ്ത്രങ്ങൾ ശേഖരിച്ചു. ഈ ദൗത്യത്തിൽ പങ്കുചേർന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## സൗജന്യ സർക്കാർ അംഗീകൃത പി എസ് സി പരിശീലനം

കുട്ടിക്കാനം മരിയൻ കോളേജിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന PSC പരിശീലനത്തിന് യോഗ്യരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് LYKE എന്ന പേരിൽ യോഗ്യതാ പരീക്ഷ നടത്തി. പ്രസ്തുത പരീക്ഷയിൽ പങ്കെടുത്തവരിൽ നിന്ന് യോഗ്യരായവരെ ഉൾപ്പെടുത്തിക്കൊണ്ട് സെപ്റ്റംബർ 18 ഞായറാഴ്ച്ച രാവിലെ 10 മണിക്ക് ക്ലാസ്സുകൾ ആരംഭിച്ചു. PSC പരിശീലനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. ഇനിയും ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എസ്.എം.വൈ.എം രൂപത ഓഫീസുമായി ബന്ധപ്പെടുക.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്

പഠനമികവുള്ളവരെ സഹായിക്കുന്നതിന്റെ ഭാഗമായി BSc നഴ്സിംഗ് വിഭാഗത്തിൽ 4 കുട്ടികൾക്കും സിവിൽ സർവീസ് കോച്ചിംഗ് വിഭാഗത്തിൽ 2 കുട്ടികൾക്കും രൂപത എസ്.എം.വൈ.എം സ്കോളർഷിപ്പ് നൽകി.

## യുവജന ഏകദിന ധ്യാനം

ലോക്ക്ഡൗൺ ആലസ്യത്തിൽനിന്നും യുവജനങ്ങളെ മോചിപ്പിച്ച് ദേവാലയത്തിലേക്കും കൂദാശകളിലേക്കും തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ യുവജനങ്ങൾക്ക് മാത്രമായി ഞായറാഴ്ച ദിവസം ഏകദിന ധ്യാനം ക്രമീകരിക്കുന്നു. ഓഫ് ലൈനായുള്ള ഈ ധ്യാനം ഇടവകകളിൽ സംഘടിപ്പിക്കുവാൻ താല്പര്യമുള്ളവർ രൂപത എസ്.എം.വൈ.എം ഓഫീസുമായി ബന്ധപ്പെടുക.

## ഉത്സവ് രചനാ മത്സരങ്ങൾ

ഈ വർഷത്തെ രൂപതാതല ഉത്സവ് രചനാ മത്സരങ്ങൾ ഒക്ടോബർ 17 ഞായറാഴ്ച്ച നടത്തപ്പെടും. ഓൺലൈനായിട്ടായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. മത്സരാർത്ഥികൾക്കായി തയ്യാറാക്കിയ വാട്സാപ്പ് ഗ്രൂപ്പുകളിൽ വിഷയങ്ങൾ തൽസമയം നൽകപ്പെടുന്നതാണ്. രചനാസൃഷ്ടികളുടെ സോഫ്റ്റ് കോപ്പി നിശ്ചിതസമയത്തിനുള്ളിൽ

രൂപത ഓഫീസിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്. കലാസൃഷ്ടികളുടെ ഹാർഡ് കോപ്പി ഫൊറോന സമിതി അംഗങ്ങൾ ശേഖരിക്കുന്നതാണ്.

ഫൊറോനാതല രചനാ മത്സരങ്ങളുടെ വിജയികളുടെ ലിസ്റ്റ് ഒക്ടോബർ 14 നു മുമ്പായി രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഉത്സവ് കലാമത്സരങ്ങൾ**

ഈ വർഷത്തെ രൂപതാതല ഉത്സവ് കലോത്സവം സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ നവംബർ 4 വ്യാഴാഴ്ച നടത്തപ്പെടുന്നതാണ്. പ്രതികൂല സാഹചര്യങ്ങൾ ആണെങ്കിൽ വീഡിയോ എൻട്രികളുടെ വിധിനിർണയമായിരിക്കും നടത്തുക.

ഫൊറോനാതല കലാമത്സരങ്ങളുടെ വിജയികളുടെ ലിസ്റ്റ് ഒക്ടോബർ 24 ന് മുമ്പായി രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

**യൂണിറ്റ് വിസിറ്റ്**

സെപ്റ്റംബർ19 ഞായറാഴ്ച പെരുവന്താനം സെന്റ് ജോസഫ് ഫൊറോന ഇടവകയിലെ എസ്. എം. വൈ.എം യൂണിറ്റ് സന്ദർശിച്ചു. യുവജനങ്ങൾക്കായി പ്രത്യേകം പരിശുദ്ധ കുർബാനയും മീറ്റിങ്ങും സംഘടിപ്പിച്ചു. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ നേതൃത്വം നൽകി.

**നന്ദി, സ്വാഗതം**

2021 മാർച്ച് മുതൽ സെപ്റ്റംബർ വരെ രൂപത എസ്. എം. വൈ. എം ഓഫീസിൽ റീജന്റ് ആയി ശുശ്രൂഷ ചെയ്ത ബ്ര. ജിറ്റോ ആക്കാട്ടിന് ഹൃദയം നിറഞ്ഞ നന്ദി. എസ്.എം.വൈ. എം ന്റെ പുതിയ റീജന്റ് ബ്ര. അജോ തുണ്ടത്തിലിന് ഹൃദ്യമായ സ്വാഗതം.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**കൃതജ്ഞത, സ്വാഗതം**

ആറുമാസക്കാലം ഫാമിലി അപ്പോസ്തലേറ്റിന്റെ വിവിധ ശുശ്രൂഷമേഖലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം സുവാറ, കെ.സി.എസ്.എൽ. എന്നിവയുടെ റീജന്റായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ബഹു. ബ്രദർ ജസ്റ്റിൻ മണിമലയ്ക്ക് ഹൃദയം നിറഞ്ഞ നന്ദിയും ആശംസകളും.

അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലെ ശുശ്രൂഷകൾക്കുശേഷം ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി എത്തിയിരിക്കുന്ന ബഹു. ബ്രദർ ജോസഫ് (ലിബിൻ) വട്ടോത്തിന് ഹൃദയംഗമമായ സ്വാഗതം.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

അന്താരാഷ്ട്രമാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വി. യൗസേപ്പിനെക്കുറിച്ചുള്ള ലേഖനമത്സരത്തിൽ പങ്കെടുക്കുവാൻ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്ന് അർഹത നേടിയവർ

നിഷ സോജി ഇടയ്ക്കാട്ട് - അണക്കര
മേരിക്കുട്ടി ജോർജ് വടക്കേക്കുഴിക്കാട്ടിൽ - കുമളി
ടോളി സണ്ണി മാടപ്പള്ളിൽ - എലിക്കുളം

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

കോവിഡ് കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ഓൺലൈനായിട്ടാണ് പ്രാർത്ഥനാ സമ്മേളനങ്ങൾ എല്ലാം നടന്നത്. കോവിഡ് പകർച്ചവ്യാധി മൂലമുള്ള യാത്ര നിയന്ത്രണങ്ങൾ കർശനമായി തുടരുന്നതിനാൽ പ്ലാൻ ചെയ്ത പല കർമ്മപദ്ധതികളും നീട്ടി വയ്ക്കേണ്ടതായി വന്നു. 25.09.2021 ൽ സോണൽ സർവ്വീസ് ടീം ഡയറക്ടർ ഫാ. മാത്യു ഓലിക്കലിന്റെ സാന്നിദ്ധ്യത്തിൽ ഓൺലൈനായി കൂടി ഭാവികർമ്മപദ്ധതികൾക്ക് രൂപം നൽകി.

**CCR ഗോൾഡൻ ജൂബിലി - മാദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി**

CCR ഗോൾഡൻ ജൂബിലി വിജയത്തിനുവേണ്ടിയുള്ള മാദ്ധ്യസ്ഥ പ്രാർത്ഥന കാഞ്ഞിരപ്പള്ളി സോണിൽ 2021 സെപ്റ്റംബർ 1 മുതൽ 2021 ഡിസംബർ 31 വരെ എല്ലാ ദിവസവും ഉച്ചയ്ക്ക് 12 മണി മുതൽ 1 മണി വരെ എമ്മാവൂസ് നേതൃത്വത്തോട് ഒപ്പം എല്ലാ ദിവസവും നടത്തിവരുന്നു. സോൺ മദ്ധ്യസ്ഥപ്രാർത്ഥനാ സെൻട്രൽ മിനിസ്ട്രിയുടെ വാട്സ് ആപ്പ് ഗ്രൂപ്പിൽ എല്ലാ ദിവസവും KCSC ൽ നിന്നും തരുന്ന പൊതുനിയോഗങ്ങൾ പ്രാർത്ഥനയ്ക്കായി നൽകി വരുന്നു. നാഷണൽ പ്രതിവാര പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥനാശുശ്രൂഷകളിൽ എല്ലാ ഞായറാഴ്ചകളിലും സോണിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തുവരുന്നു. സോണിലെ അഞ്ച് സബ് സോണുകൾ ചേർന്ന് ഞായറാഴ്ച ദിവസം ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. കെ.സി.എസ്.സി. എട്ട് നോമ്പിന്റെ ദിനങ്ങളിൽ ഒരുക്കിയ ഓൺലൈൻ പ്രാർത്ഥന "അമ്മയ്ക്കരികെ" ശുശ്രൂഷയിൽ കാഞ്ഞിരപ്പള്ളി സോണിൽ നിന്നും പങ്കെടുക്കുകയുണ്ടായി.

## ലൈഫ് ഇൻ ദ സ്പിരിറ്റ് (LSS)

ലൈഫ് ഇൻ ദ സ്പിരിറ്റ് (LSS) സെമിനാറിന്റെ ഭാഗമായി ഏഴ് ആഴ്ചകളിലായി 72 പേരടങ്ങുന്ന 2 റിസോഴ്സ് ടീമിന്റെ പരിശീലനം പൂർത്തീകരിക്കാൻ സാധിച്ചു. തുടർന്ന് ഇവരിൽനിന്നും വചനപ്രഘോഷകർക്കും, സ്തുതി ആരാധന ശുശ്രൂഷകർക്കും, മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷകർക്കും പ്രത്യേകം പ്രത്യേകം പരിശീലനം ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ആഴചയിൽ തിങ്കൾ, ചൊവ്വ. ബുധൻ ദിവസങ്ങളിൽ നൽകുന്നുണ്ട്. LSS പൊതുഗ്രൂപ്പ് സമ്മേളനം മാസത്തിലെ അവസാന വ്യാഴാഴ്ച തോറും കൂടുന്നു.

## സൗത്ത് സെൻട്രൽ സബ് റീജിയൻ സന്ദർശനം

2021 സെപ്റ്റംബർ 15 ന് കാഞ്ഞിരപ്പള്ളി സോൺ ഉൾപ്പെടുന്ന സബ് റീജിയൻ സന്ദർശനം Zoom ഫ്ളാറ്റ്ഫോമിൽ അഭിവന്ദ്യ മാർ ഐറേനിയോസ്, മാർ ജോസ് പുളിക്കൽ പിതാവ് എന്നിവരുടെ അനുഗ്രഹപ്രഭാഷണങ്ങളോടെ കെ.സി.എസ്.സി. നേതൃത്വത്തോടൊപ്പം നടത്തപ്പെട്ടു. ശിഷ്യത്വപരിശീലനത്തിൽ പങ്കെടുത്തവരെ ഒരുമിച്ചുകൂട്ടി സെപ്റ്റംബർ 3 ന് സബ്റീജൻ തലത്തിൽ നടത്തിയ പ്രോഗ്രാമിൽ സോണിൽ നിന്നും പങ്കെടുത്ത 10 പേരും സംബന്ധിച്ചു.

## ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

27.08.2021 ൽ ചേർന്ന ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ 'പിതൃഹൃദയം - 3 കോവിഡാനന്തര ആത്മീയത' ശുശ്രൂഷയിൽ ആറ് ദമ്പതിമാർ സോണിനെ പ്രതിനിധീകരിച്ച് പങ്കെടുത്തു. എല്ലാ വ്യാഴാഴ്ചകളിലും 8.30 p.m. മുതൽ 10 വരെ ദമ്പതിസെൽ കൂട്ടായ്മ നടത്തുന്നുണ്ട്. കൂടാതെ ലോർഡ്സ് കപ്പിൾസ് റിച്ച് മിനിസ്ട്രിയുടെ ശുശ്രൂഷകൾ വളരെ ഭംഗിയായി നടത്തിവരുന്നു. ഈ മാസം രണ്ട് ഭവനങ്ങൾ ഈ ടീമിന്റെ നേതൃത്വത്തിൽ പനച്ചേപ്പള്ളി അസ്സീസി ഭവന്റെ സഹകരണത്തിൽ പണിതു നല്കി. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ

ജോസ് പുളിക്കൽ പിതാവ് താക്കോൽദാനവും വെഞ്ചരിപ്പ് ശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

### ബൈബിൾ കോഴ്സ്

കാഞ്ഞിരപ്പള്ളി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് നടത്തിവരുന്ന ഓൺലൈൻ ബൈബിൾ കോഴ്സിൽ സോണിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

### സമർപ്പിത സംഗമം

2021 സെപ്റ്റംബർ 11 ശനിയാഴ്ച KCSC കരിസ്മാറ്റിക് സമർപ്പിത സംഗമത്തിൽ കാഞ്ഞിരപ്പള്ളി സോണിൽ നിന്നും നാല് സിസ്റ്റേഴ്സ് പങ്കെടുത്തു. സി. അനിറ്റ് എസ്.എ.ബി.എസ്. ആനിമേറ്റേഴ്സിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ടു.

### തൂവാനിസ മിനിസ്ട്രി

തൂവാനിസ മിനിസ്ട്രിയുടെ നേതൃത്വത്തിൽ എട്ട് നോമ്പിനോടനുബന്ധിച്ച് എട്ട് ദിവസം അഖണ്ഡജപമാല പ്രാർത്ഥന ചൊല്ലി കാഴ്ചവച്ചു. എല്ലാ മാസവും 13-ാം തീയതി പൊതുനിയോഗങ്ങൾ സമർപ്പിച്ച് അഖണ്ഡജപമാല നടത്തിവരുന്നു. ബഹു. ഡയറക്ടറച്ചൻ പ്രഭാതപ്രാർത്ഥന, വചനവിചിന്തനം, ഇവ ഗ്രൂപ്പിൽ ദിവസവും നല്കിവരുന്നു. അതുപോലെ ഒക്ടോബർ 13-ാം തീയതി 'ഫാത്തിമാ ദിനാചരണം' നടത്തുവാനും പദ്ധതിയുണ്ട്.

### ക്രിസ്റ്റീൻ മിനിസ്ട്രി

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ 'വചനദീപ്തി' പ്രോഗ്രാമിലൂടെ ദിവസവും 'മനപാഠമാക്കുക' എന്ന ലക്ഷ്യത്തോടെ വചനഭാഗങ്ങൾ കുട്ടികൾക്കായി ലഭ്യമാക്കുന്നുണ്ട്. ബൈബിൾ വായനക്കായി വചനഭാഗങ്ങളും നൽകുന്നുണ്ട്.

## അൽഫോൻസാ പദയാത്ര

എല്ലാ വർഷവും ഒക്ടൊബർ 2 ന് നടത്തിവരുന്ന ഭരണങ്ങാനം അൽഫോൻസാ പദയാത്ര ഈ വർഷവും നടത്തുവാൻ തീരുമാനമായി. പദയാത്രയുടെ 14-ാമത് വർഷമാണ് ഒക്ടോബറിൽ നടത്തുന്നത്. 14 പേരടങ്ങുന്ന ഒരു സംഘം ജപമാലചൊല്ലി തീർത്ഥാടന കേന്ദ്രമായ അക്കരപ്പള്ളി പഴയ പള്ളിയിൽ നിന്നും യാത്ര ആരംഭിക്കുന്നു.

## ജപമാല പ്രയാണം

ജപമാല മാസത്തിൽ ഭാരതത്തെ മുഴുവൻ പരിശുദ്ധ ദൈവ മാതാവിന് സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് ദേശീയ സേവനസമിതുയെട ജപമാല ഭാരത പര്യടനം ഒക്ടോബർ 1 മുതൽ 31 വരെ ഭാരതത്തിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികളിലൂടെ നടത്തപ്പെടുന്നു. ആയതിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി, കട്ടപ്പന സോണുകൾ വിവിധ പ്രോഗ്രാമുകൾ കാഞ്ഞിരപ്പള്ളി, കട്ടപ്പന രൂപതാ കരിസ്മാറ്റിക്ക് ഡയറക്ടർമാരുടെ നേതൃത്വത്തിൽ സോണുകളിൽ നടത്തുന്നു.

## അഖണ്ഡബൈബിൾ വായന

2021 സെപ്റ്റംബർ 24, 25 തീയതികളിൽ നടത്തപ്പെട്ട ദേശീയ മാരത്തോൺ വചനഗ്രന്ഥപാരായണത്തിൽ സോണൽ പങ്കാളിത്വം സംബന്ധിച്ചു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**സെപ്റ്റംബർ 2021**

01 പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനൊരുക്കമായുള്ള എട്ടുനോമ്പാചരണം ആരംഭിച്ചു.

05 അദ്ധ്യാപകദിനത്തോടനുബന്ധിച്ച് അദ്ധ്യാപകരെയെല്ലാം ഓർത്ത് പ്രാർത്ഥിക്കുകയും സെമിനാരിയിലെ അദ്ധ്യാപകരെ ആദരിക്കുകയും ചെയ്തു.

08 പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ റാസ കുർബാന ബഹു. റെക്ടറച്ചന്റെ കാർമ്മികത്വത്തിൽ അർപ്പിച്ചു.

14 വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുന്നാളിൽ മൈനർ സെമിനാരി റെക്ടർ ബഹു. ജോൺ പനച്ചിക്കലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

20 വി. മത്തായിശ്ലീഹായുടെ തിരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് സെമിനാരി സന്ദർശിച്ചു. അഭിവന്ദ്യ പിതാവിന് നാമഹേതുകതിരുന്നാളിന്റെ മംഗളങ്ങൾ നേർന്നു.

21 വി. മത്തായിശ്ലീഹായുടെ തിരുന്നാൾ ദിനത്തിൽ ബഹു. മാത്യു വാഴപ്പനാടിയച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

\- ബഹു. വാഴപ്പനാടിയച്ചനും മാത്യു നാമധാരികളായ എല്ലാ ബ്രദേഴ്സിനും തിരുന്നാളിന്റെ മംഗളങ്ങൾ നേർന്നു.

26 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം ബഹു. മാത്യു വാഴപ്പനാടിയച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

സെപ്റ്റംബർ 4-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ഡയറക്ടർ ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടത്തി. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ സരിൻ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാൾ**

സെപ്റ്റംബർ 8-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാൾ ഭക്ത്യാദരവോടെ ആഘോഷിച്ചു. ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**വല്ലാർപാടം കൃപാഭിഷേകം ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

സെപ്റ്റംബർ 8-ാം തീയതി മുതൽ 12-ാം തീയതി വരെ വല്ലാർപാടം കൃപാഭിഷേകം ബൈബിൾ കൺവൻഷൻ ഓൺലൈനായി ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ വല്ലാർപാടം ബസ്സിലിക്ക പള്ളിയിൽ നടത്തപ്പെട്ടു. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തു. എല്ലാ ദിവസവും വൈകുന്നേരം 4 മണി മുതൽ 9 മണി വരെ ശുശ്രൂഷകൾ നടത്തി.

## സിസ്റ്റേഴ്സിന് ഓൺലൈൻ ധ്യാനം (സൗത്ത് ആഫ്രിക്കൻ മിഷൻ)

സെപ്റ്റംബർ 16-ാം തീയതി മുതൽ 19-ാം തീയതി വരെ സൗത്താഫ്രിക്കൻ മിഷനിൽ ശുശ്രൂഷ ചെയ്യുന്ന മലയാളി സിസ്റ്റേഴ്സിനായി ധ്യാനം ഓൺലൈനിൽ നടത്തപ്പെട്ടു. ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി എന്നിവർ സഹായിച്ചു.

## രക്ഷയുടെ കവാടം

എട്ടുനോമ്പിൽ 'രക്ഷയുടെ കവാടം' എന്ന പേരിൽ സെപ്റ്റംബർ 1-ാം തീയതി മുതൽ 8-ാം തീയതി വരെ ശാലോം ടെലിവിഷനിലൂടെ ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ പ്രത്യേക ശുശ്രൂഷ നടത്തി.

## ഏകദിന ശുശ്രൂഷകൾ

സെപ്റ്റംബർ മാസം 6, 18, 20, 21, 25 തീയതികളിൽ മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ചു ഡോമിനിക് അച്ചൻ ഏകദിനശുശ്രൂഷകൾ നടത്തി.

## ഓൺലൈൻ ശുശ്രൂഷകൾ

എല്ലാ ദിവസവും വൈകിട്ട് 5 മണി മുതൽ 8 മണി വരെ നടക്കുന്ന ഓൺലൈൻ ശുശ്രൂഷയിൽ ജപമാലയും വിശുദ്ധ കുർബാനയും ദൈവവചന പ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെടുന്നു. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ലിജു കീറ്റിക്കൽ എന്നിവർ ദിവസേനയുള്ള ശുശ്രൂഷകളിൽ നേതൃത്വം നൽകുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥപ്രാർത്ഥനാസഹായ

ത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ : 9526022215, 7306065493, 7306086060, 7306055176

## Resurrection


Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ യുട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 മണിക്കും വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6.30 നും ചൊവ്വാഴ്ച രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- എല്ലാ അദ്ധ്യാപകർക്കും ടീച്ചേഴ്സിന്റെ ദിനത്തിൽ വാട്ട്സ് ആപ്പ് വഴി അഭിനന്ദനങ്ങൾ നൽകി.

- പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ദിനത്തിൽ മേരി നാമധാരികൾക്ക് പ്രാർത്ഥനാശംസകൾ നൽകി ആദരിച്ചു.

- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

- സി.എംസി. സന്യാസിനീ സമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറൽ മദർ ഗ്രെയ്സ് തെരേസിന് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.

- കാഞ്ഞിരപ്പള്ളി സി.എം.സി. അമല പ്രോവിൻസിന്റെ 14-ാമത് പ്രൊവിൻഷ്യൽ സിനാക്സിസിൽ പ്രോവിൻസിന്റെ 15-ാമത്തെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സി. എലിസബത്ത് സാലി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. സി. വിനയ ഗ്രെയ്സ് - വികർ പ്രൊവിൻഷ്യലും (വിദ്യാഭ്യാസം, മിഷൻ), സി. എൽസി ജോസ് (ആതുരശുശ്രൂഷ), സി. ലിൻസി തെരേസ് (ക്രിസ്തീയ രൂപീകരണം, മാസ് മീഡിയ), സി. ടെസ്സിൻ മരിയ (സാമൂഹ്യസേവനം), സി. സൂനാ ടോം (നവീകരണപരിപാടികൾ, സാമ്പത്തികം) എന്നിവരെ കൗൺസിലേഴ്സായും തെരഞ്ഞെടുത്തു. സി. ക്ലാരിസ് ജോസ് ഫിനാൻസ് സെക്രട്ടറിയായും സി. പ്രസൂന ജോസ് പ്രൊവിൻഷ്യൽ സെക്രട്ടറിയായും സി. സെലി ജോവാൻ പ്രൊവിൻഷ്യൽ ഇന്റേണൽ ഓഡിറ്ററായും നിയമിക്കപ്പെട്ടു.

- അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദസന്ദർശനം നടത്തി സൗഹൃദം പങ്കുവച്ചു.
- സി.എം.സി. അമലാ പ്രോവിൻസിന്റെ റൂബി ജൂബിലി സ്മാരക മായി കഴിഞ്ഞ 40 വർഷത്തെ പ്രോവിൻസിന്റെ സ്ഥാപനം, വളർച്ച, സ്ഥാപനങ്ങൾ, ഇടവകപ്രവർത്തനങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ എന്നിവയെല്ലാം വിവരിച്ചുകൊണ്ടുള്ള ചരിത്രം "അമല അങ്ങേ കാല്പാടുകളിൽ" എന്ന പേരിൽ ചരിത്രപു സ്തകം തയ്യാറാക്കി ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരി യർ സി. എലിസബത്ത് സാലി, സി.എം.സി.യുടെ സുപ്പീരിയർ ജനറൽ മദർ ഗ്രെയ്സ് തെരേസിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. "ഗാനാമൃതം' എന്ന പേരിൽ പാട്ട് പുസ്തകവും പ്രകാ ശനം ചെയ്തു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സി. അമലയുടെയും കൗൺസി ലേഴ്സിന്റെയും നേതൃത്വത്തിൽ ഫോർമേഷൻ കമ്മറ്റി മീറ്റിംഗ് കൂടി ചർച്ചകൾ നടത്തി തീരുമാനങ്ങൾ സ്വീകരിച്ചു.
- വിവിധ age group-കളിലുള്ള സിസ്റ്റേഴ്സിന് പല വിഷയങ്ങൾ നൽകി ഉപന്യാസ മത്സരം നടത്തി.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നൊവിഷ്യേറ്റ് ഹൗസിൽ വന്ന് ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.
- PAROC ഗവേഷണകേന്ദ്രം നടത്തിയ J.B. കോശി കമ്മീഷന്റെ വിഷയം - ശാസ്ത്രീയ വിശകലന വെബിനാറിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- സി. ഇൻഫന്റ് മേരി അഞ്ചനാട്ട് രചിച്ച് സി. ആൽഫി റ്റൂൺ കൊടുത്ത് പാടിയ 'സഹനസൗരഭ്യം' എന്ന കവിത സാന്തോം വിഷനിലൂടെ സംപ്രേഷണം ചെയ്തു.

- എരുമേലി നിർമ്മലാ പബ്ലിക്ക് സ്കൂളിന് കേന്ദ്ര ഗവൺമെന്റിന്റെ Tinkering Lab നുള്ള പ്രോജക്ട് അനുവദിച്ചു.
- ചങ്ങനാശ്ശേരി, ഇടുക്കി പ്രൊവിൻസുകളിൽ നിന്നു വന്ന അർത്ഥിനികൾ ഉൾപ്പെടെ എട്ട് പേർ വി. ഫ്രാൻസീസ് മുറിവേറ്റ തിരുനാൾ ദിനത്തിൽ പ്രീ പോസ്റ്റുലൻസി ഫേസ് -I ൽ പ്രവേശിച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- ചിറക്കടവ് ഗ്രാമപഞ്ചായത്ത് 7-ാം വാർഡ് സമ്പൂർണ്ണ കോവിഡ് 19 വാക്സിനേഷൻ സർവ്വേ ഉദ്ഘാടനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. വാക്സിനേഷൻ വിവരം രേഖപ്പെടുത്തിയ ഫോറം പഞ്ചായത്ത് പ്രസിഡന്റിന് നൽകിക്കൊണ്ട് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.
- എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് അക്കരപ്പള്ളിയിൽ നിന്നും നടത്തിയ അമ്മയ്ക്കരികെ എന്ന മരിയൻ സന്ദേശപരിപാടിയിൽ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.
- അധ്യാപകദിനത്തിൽ പ്രൊവിൻസിലെ മുഴുവൻ അദ്ധ്യാപിക സിസ്റ്റേഴ്സിനുമായി തേവര S.H. College പ്രൊഫസർ റവ.ഫാ. സാബു കുമ്പുക്കൽ നടത്തിയ Inspirational Seminar ൽ മുഴുവൻ സിസ്റ്റേഴ്സും സംബന്ധിച്ചു.
- കാഞ്ഞിരപ്പള്ളി നല്ലസമറായൻ ആശ്രമത്തിൽ റീജന്റ് ആയിരുന്ന ബ്രദർ തോമസ്സുകുട്ടിയുടെ നിര്യാണത്തിലും അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ സഹോദരിയുടെ നിര്യാണത്തിലും മൃതദേഹം സന്ദർശിച്ച് അന്തിമോപചാരം അർപ്പിച്ചു.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ നാമഹേതുകത്തിരുന്നാളിൽ സിസ്റ്റേഴ്സ് പിതാവിനെ സന്ദർശിച്ച് ആശംസകൾ അർപ്പിച്ചു.
- ഭവനനിർമ്മാണം, ചികിത്സ, വിവാഹം ഇവയ്ക്ക് ആവശ്യമായ

ധനസഹായവും, നിർദ്ധനരായ കുട്ടികൾക്ക് ആവശ്യമായ പഠനസഹായവും നൽകി.

- ജനറലേറ്റ് തലത്തിൽ നടത്തപ്പെടുന്ന ക്ലോയിസ്റ്റർ (പ്രാർത്ഥനാ ഭവൻ) ഭവനസ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി പരിപാടികളിലും, കൃതജ്ഞതാബലിയിലും മദർ അമല കിടങ്ങത്താഴെ സംബന്ധിച്ചു.
- പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെയും കൗൺസിലർ സിസ്റ്റർ റ്റിൻസി വരകുകാലായും പ്രോവിൻസിലെ മിഷൻ ഭവനങ്ങൾ സന്ദർശിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളും സന്ന്യാസ സമൂഹത്തിന്റെ ജന്മദിനവും സമുചിതമായി ആഘോഷിച്ചു.
- ഓറിയന്റൽ കാനൻ കോ സൊസൈറ്റി ഓഫ് ഇന്ത്യ നടത്തിയ മൂന്നു ദിവസത്തെ വെബിനാറിൽ സിസ്റ്റർ ലില്ലി ട്രീസ പങ്കെടുത്തു.
- ഫാദർ ജോമിൻ നിരപ്പേൽ, കട്ടപ്പന സൺഡേസ്കൂൾ അധ്യാപകർക്കായി നടത്തിയ ധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- മാരകമായ രോഗബാധിതരായ നാല് വ്യക്തികൾക്ക് ചികിത്സാ സഹായം നൽകി .
- അർഹരായ വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി .
- Syro malabar public affairs commission and PAROC research institution നടത്തിയ The presentation of the report of the study in the socio economic position of the syro malabaar community എന്ന വിഷയത്തെക്കുറിച്ചുള്ള രണ്ടു ദിവസത്തെ വെബിനാറിൽ സുപ്പീരിയർ ജനറൽ ബഹു. സി. മേഴ്സി തോമസ് പങ്കെടുത്തു.

- വിശുദ്ധ മത്തായി ശ്ലീഹായുടെ നാമം സ്വീകരിച്ച നാമഹേതുക തിരുനാൾ ആഘോഷിച്ച ബിഷപ്പ് മാർ മാത്യു അറയ്ക്കൽ പിതാവിനെ സിസ്റ്റേഴ്സ് സന്ദർശിച്ചു ആശംസകൾ അർപ്പിച്ചു. കട്ടപ്പന ഫോർത്തുനാത്തൂസ് സാരഥിയുടെ നേതൃത്വത്തിൽ വസ്ത്രങ്ങൾ സമാഹരിച്ചു കോവിഡ് ബാധിതരായ കട്ടപ്പന ആകാശ പറവകൾക്ക് നൽകി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- കെ.സി.എം.സ്-ന്റെ നേതൃത്വത്തിൽ നടത്തിയ സൂം മീറ്റിംഗിൽ പ്രൊവിൻഷ്യലമ്മയും ടീമംഗങ്ങളും പങ്കെടുത്തു.

- കർത്താവിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട സി. ട്രീസാ അല്ലേശിന്റെ അമ്മച്ചി, സി.ബ്ലെസ്സിയുടെ ചാച്ചൻ എന്നിവരുടെ മൃതസംസ്കാരത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

- ആഗസ്റ്റ് ഇരുപത്തി ഒന്നാം തീയതി വൈകിട്ട് മുതൽ പ്രൊവിൻസിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള, സുപ്പീരിയേഴ്സ്, ട്രസ്റ്റ് മെംബേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർക്കായുള്ള റിന്യൂവൽ അസംബ്ളി തുടങ്ങി. വി. അന്നയുടെ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. നാമഹേതുകത്തിരുന്നാൾ ആഘോഷിക്കുന്ന സഹോദരിമാർക്ക് ആശംസ നേർന്നു.

- ഇരുപത്തിയഞ്ചാം തീയതി മുതൽ ജൂനിയർ സിസ്റ്റേഴ്സിനായുള്ള കോഴ്സ് തുടങ്ങി

- കാരുണ്യ ഭവൻ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി പതിനാലാമത്തെ വീടിന്റെ താക്കോൽ ദാനം 28-ാം മൈലിൽ വെച്ച് നടത്തപ്പെട്ടു. കൂടാതെ പാറത്തോടുള്ള ഒരു കുടുംബത്തെ ഭാഗികമായി സഹായിച്ചു.

- പറത്താനം, ഇഞ്ചിയാനി എന്നിവിടങ്ങളിൽ പുതിയ ഭവനങ്ങളുടെ കല്ലിട്ടു പണി ആരംഭിച്ചു. ചെങ്കല്ലിൽ പണി ആരംഭിക്കുന്ന


അഞ്ചു ഭവനങ്ങളുടെ ആദ്യപടിയായി തിരഞ്ഞെടുക്കപ്പെട്ട ആളുകളുടെ സംഗമവും പദ്ധതി വിശദീകരണവും നടത്തി.

- ലോക ഫോട്ടോഗ്രാഫി ദിനത്തോടനുബന്ധിച്ചു മൊബൈൽ ഫോട്ടോഗ്രാഫി മത്സരം നടത്തുകയും പങ്കെടുത്ത 220 ആളുകളിൽ നിന്ന് വ്യത്യസ്ത ക്യാറ്റഗറിയിൽ വിജയികളെ തിരഞ്ഞെടുക്കുകയു ചെയ്തു.

- സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ അവലോകനയോഗം സെന്റ് ജോസഫ്, സെന്റ് മേരീസ്, ഹോളി ഫാമിലി സോണുകളിലെ കുട്ടിക്കാനം, ചേമ്പളം എന്നിവിടങ്ങളിൽ വെച്ച് നടത്തുകയും ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച സോണുകളിലെ ഒരു ഭവനത്തെയും മൊത്തത്തിൽ ഒരു ഭവനത്തെയും ആദരിക്കുകയും അവാർഡ് നൽകുകയും ചെയ്തു. ഇത്തരത്തിൽ അമലഗിരിയെ ഏറ്റവും മികച്ച കോൺവെന്റ് ആയി തിരഞ്ഞെടുത്തു.

---

## സ്നേഹസ്മരണയ്ക്ക്



**സി. ഫബിയനോസ് തടത്തിപറമ്പിൽ SABS**

ജനനം : 12-05-1920

ആദ്യവ്രതം : 05-04-1945

നിത്യവ്രതം : 31-03-1949

മരണം : 24-09-2021

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ചാർജ്ജെടുത്തിരിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അസിസ്റ്റന്റ് ഡയറക്ടറായി ഫാ.സിജു ഞള്ളിമാക്കൽ ചാർജ് എടുത്തിരിക്കുന്നു.

**കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ കമ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ ഡോ. ക്രിസ്റ്റി മരിയ ചാർജ്ജെടുത്തിരിക്കുന്നു. ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഉച്ചവരെ ഹോസ്പിറ്റലിലും ഉച്ചയ്ക്ക് ശേഷം 2 മുതൽ 4.30 വരെ ക്ലിനിക്കിലും ലഭ്യമായിരിക്കും. എല്ലാവിധ പ്രാഥമിക ആരോഗ്യ ചികിത്സയോടൊപ്പം രോഗകാരണങ്ങളുടെ പശ്ചാത്തലം മനസ്സിലാക്കി അവയിൽ നിന്നും പൂർണ്ണ വിമുക്തി നേടാൻ സ്വയം ബോധ്യവാൻമാർ ആക്കുന്ന ആരോഗ്യശാഖയാണ് കമ്മ്യൂണിറ്റി മെഡിസിൻ.

**ഫസ്റ്റ് എയ്ഡ് ഡേ ദിനാചരണം**

സെപ്റ്റംബർ 13 ലോക പ്രഥമ ശുശ്രൂഷ ദിനത്തോടനുബന്ധിച്ച് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും എം.എം.റ്റി സ്കൂൾ ഓഫ് നേഴ്സിങ്ങും സംയുക്ത ആഭിമുഖ്യത്തിൽ ഫസ്റ്റ് എയ്ഡ് ഡേ ദിനാചരണം സംഘടിപ്പിച്ചു. ആളുകളുടെ ജീവൻ രക്ഷിക്കുന്നത് പ്രഥമശുശ്രൂഷയുടെ പ്രാധാന്യത്തെപ്പറ്റി കമ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോ. ക്രിസ്റ്റി മരിയ ക്ലാസ്സുകൾ നയിച്ചു. എം.എം.റ്റി. സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ ആഭിമുഖ്യത്തിൽ ചാർട്ട് പ്രദർശനവും മറ്റു പരുപാടികളും സംഘടിപ്പിച്ചു.

## മെഡിക്കൽ ക്യാമ്പ്

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മുണ്ടക്കയം അസ്സീസി ആശ്രമത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആശ്രമത്തിലെ വിവിധ രോഗികളെ പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ആശ്രമങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

## ക്ലാസ്സ് ആരംഭിച്ചിരിക്കുന്നു

സ്കൂൾ ഓഫ് നേഴ്സിങ് എം.എം.റ്റി. ഹോസ്പിറ്റലിൽ ജനറൽ ആൻഡ് മിഡ് വൈഫറി കോഴ്സിലെ 2021-22 വർഷത്തെ ബാച്ചിന്റെ നഴ്സിങ് ക്ലാസുകൾ സെപ്റ്റംബർ 27-ാം തീയതി ആരംഭിച്ചു. Introduction to Nursing ക്ലാസുകൾ ആണ് ആരംഭിച്ചത്. 30 കുട്ടികളാണ് ഈ ബാച്ചിൽ ഉള്ളത്.

## പുതിയ ജനറേറ്ററിന്റെയും നവീകരിച്ച പവർ റൂമിന്റെയും വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയ ജനറേറ്ററിന്റെയും നവീകരിച്ച പവർറൂമിന്റെയും വെഞ്ചിരിപ്പ് കർമ്മം സെപ്റ്റംബർ 23-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു വികാരി ജനറാൾ റവ.ഫാ. ജോസ് വെള്ളമറ്റം, ഹോസ്പിറ്റൽ ഡയറക്ടർ ഫാ.സോജി കന്നാലിൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ, അസി. ഡയറക്ടർ ഫാ. സിജു ഞള്ളിമാക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**ഫൊറോന യോഗങ്ങൾ**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ രൂപതസമിതികൾ ആവിഷ്കരിച്ച പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിന് രൂപതയിലെ വിവിധ ഫൊറോനസമിതികൾ യോഗം ചേർന്നു.

കാഞ്ഞിരപ്പള്ളി ഫൊറോന സമിതിയോഗം 28.08.2021-ൽ പ്രസിഡന്റ് ജോസ് മടുക്കക്കുഴിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, രൂപത വൈസ് പ്രസിഡന്റ് ജാൻസി തുണ്ടത്തിൽ എന്നിവർ ഗ്ലോബൽ, രൂപത പ്രവർത്തനങ്ങൾ വിശദീകരിച്ചു. 'യൗസേപ്പിതാവിന്റെ കരുതൽ' പ്രോഗ്രാമിന്റെ ഭാഗമായി ഫൊറോന സമിതിയും കത്തീഡ്രൽ യൂണിറ്റും ചേർന്ന് സെപ്റ്റംബർ 8 ന് മാതാവിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് പനച്ചേപ്പള്ളി അസ്സീസി ബേബി സദനിലും ചേനപ്പാടി, കറിക്കാട്ടൂർ, ചിറക്കടവ് യൂണിറ്റുകൾ ചേർന്ന് അഞ്ചിലിപ്പ അഭയ ഭവനിലും കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കപ്പാട് ദേവമാതാസെന്ററിലും സ്നേഹവിരുന്ന് നൽകുന്നതിന് തീരുമാനിച്ചു.

വെളിച്ചിയാനി ഫൊറോനായോഗം 28.08.2021-ൽ പ്രസിഡന്റ് ജോബിൻ പ്ലാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ കാരികുളം ഫാത്തിമമാതാ പള്ളി വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ജനറൽ സെക്രട്ടറി പ്രിൻസ് വെട്ടത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത ജനറൽ സെക്രട്ടറി അരുൺ ആലയ്ക്കാപ്പറമ്പിൽ, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, സെക്രട്ടറി സിനി ജിബു നീറനാക്കുന്നേൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, വനിതാഫോറം രൂപതാ ജനറൽ സെക്രട്ടറി സാറാ അലക്സ് പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ഫൊറോനസമി

തിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 8-ന് ഇഞ്ചിയാനി സ്നേഹ ദീപത്തിലും ചോറ്റി അസ്സീസിഭവനിലും സ്നേഹവിരുന്ന് നൽകുന്ന തിന് തീരുമാനിച്ചു.

എരുമേലി ഫൊറോനായോഗം 31.08.2021-ൽ പ്രസിഡന്റ് ടോമി ച്ചൻ ജോസഫ് പാലക്കുടിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, രൂപതാ സെക്രട്ടറി ആൻസി സാജൻ പുന്നമറ്റത്തിൽ, വൈസ് പ്രസിഡന്റ് ജാൻസി മാത്യു തുണ്ടത്തിൽ, ഫൊറോന ജനറൽ സെക്രട്ടറി, റോബിൻ ജോ പുളിക്കൽ, മനോജ് കല്ലൂക്കുളങ്ങര തുടങ്ങിയവർ പ്രസംഗിച്ചു. സെപ്റ്റംബർ 8 ന് പഴയകൊരട്ടി കൃപാലയത്തിലും മുക്കൂട്ടുതറ വി മലഭവനിലും സ്നേഹവിരുന്ന് നൽകുന്നതിനും യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുമായി കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

പത്തനംതിട്ട ഫൊറോനയോഗം 01.09.2021-ൽ പ്രസിഡന്റ് ജസ്റ്റിൻ കാപ്പാനിയുടെ അദ്ധ്യക്ഷതയിൽ പേഴുംപാറ സേക്രഡ് ഹാർട്ട് പള്ളിവികാരി ഫാ. അജി അത്തിമൂട്ടിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, രൂപതാ സെക്രട്ടറി മനോജ് കല്ലുകളം, വൈസ് പ്രസിഡന്റ് ജോളി ആന്റണി, ഫൊറോനാ ജനറൽ സെക്രട്ടറി സിജു മോൻ കിഴക്കേൽ, ജെ. ശെൽവരാജ് എന്നി വർ പ്രസംഗിച്ചു. സെപ്റ്റംബർ 8-ന് പത്തനംതിട്ട ഡി പോൾ ആശ്രമ ത്തിൽ സ്നേഹവിരുന്ന് നൽകുവാൻ തീരുമാനിച്ചു.

റാന്നി ഫൊറോനായോഗം 01.09.2021-ൽ പ്രസിഡന്റ് ജിൻസ് പള്ളിക്കമ്യാലിലിന്റെ അദ്ധ്യക്ഷതയിൽ പെരുനാട് സെന്റ് ജൂഡ് പള്ളി വികാരി ഫാ. എബ്രാഹം കൊച്ചുവീട്ടിൽ ഉദ്ഘാടനം ചെയ്തു. ജെയിംസ് പെരുമാക്കുന്നേൽ, മനോജ് കല്ലുകളം, ജോളി ആന്റണി പുതിയവീട്, വക്കച്ചൻ വാക്കയിൽ, ജെയിംസ് ഡാനിയൽ രാമനാട്ട്, അഡ്വ. ഷൈനി ജോർജ് വളവനാൽ, ജോസ് ഡൊമിനിക് എന്നിവർ പ്രസംഗിച്ചു. ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റം ബർ 8-ന് റാന്നി ബത്‌ലഹേം ഭവനിൽ സ്നേഹവിരുന്ന് നൽകുന്ന തിന് തീരുമാനിച്ചു.

പൊൻകുന്നം ഫൊറോനാസമിതിയോഗം 01.09.2021-ൽ പ്രസിഡന്റ് ബിജു തോമസ് ആലപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ജെയിംസ് പെരുമാക്കുന്നേൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജോയി ജോസഫ് കുഴിക്കൊമ്പിൽ, ജോയ്സി ചെങ്ങളത്തുപറമ്പിൽ, ജോബിൻ വടക്കേനാത്ത്, സാബു കുരീക്കാട്ട്, ബിജു തോമസ് കിളിരൂപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. സെപ്റ്റംബർ 8 ന് ചെങ്കൽ ആകാശപ്പറവകളുടെ ആശ്രമത്തിൽ ഭക്ഷ്യവിഭവങ്ങൾ എത്തിച്ചു നൽകുവാൻ തീരുമാനിച്ചു.

മുണ്ടക്കയം ഫൊറോനയോഗം 01.09.2021 ൽ പ്രസിഡന്റ് ടോം സെബാസ്റ്റ്യൻ കുമ്പളന്താനത്തിന്റെ അദ്ധ്യക്ഷതയിൽ വണ്ടൻപതാൽ സെന്റ് പോൾസ് ഇടവകവികാരി ഫാ. ജോസ് കണിയാംപടി ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി അരുൺ ആലയ്ക്കാപ്പറമ്പിൽ, ജെയിംസ് പെരുമാകുന്നേൽ, ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, ജോയി എബ്രാഹം പുളിക്കൽ, ജോസഫ് ചെമ്മാക്കൽ, ഷേർലി ജോർജ് നെല്ലിമല, തോമസ് ചെമ്മരപ്പള്ളി എന്നിവർ പ്രസംഗിച്ചു. സെപ്റ്റംബർ 8-ന് വണ്ടൻപതാൽ ബത്‌ലഹേം ഭവനിൽ സ്നേഹവിരുന്ന് നൽകുവാൻ തീരുമാനിച്ചു.

**കോ-ഓർഡിനേറ്റർമാരുടെ യോഗം**

സെപ്റ്റംബർ 8 -ന് രൂപതയിലെ വിവിധ ആശ്രമങ്ങളിൽ നടത്തുന്ന 'യൗസേപ്പിതാവിന്റെ കരുതൽ' പ്രോഗ്രാമിന്റെ വിജയത്തിനായി കത്തോലിക്കാ കോൺഗ്രസിലെ വിവിധ ഫോറങ്ങളുടെ രൂപതാ കോ-ഓർഡിനേറ്റർമാരുടെ യോഗം 03.09.2021 ൽ രൂപതാ ഓഫീസിൽ നടത്തി. കോ-ഓർഡിനേറ്റർമാരായ ടെസി ബിജു പാഴിയാങ്കൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ബാബു ടി, ജോൺ, തോമസ് ചെമ്മരപ്പള്ളിൽ എന്നിവർ പങ്കെടുത്തു.

**അദ്ധ്യാപകരെ ആദരിച്ചു**

ദേശീയ അദ്ധ്യാപകദിനമായ സെപ്റ്റംബർ 5-ന് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചു

കൊണ്ട് രൂപതയിലെ മികച്ച അദ്ധ്യാപകരെ ആദരിച്ചു. എരുമേലി സെന്റ് തോമസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകനും കുട്ടികളുടെ നേതൃത്വത്തിൽ 'മോഡൽ യൂത്ത് പാർലമെന്റ്' അവതരിപ്പിച്ച് ദേശീയ, സംസ്ഥാനതലങ്ങളിൽ പൊന്നാട അണിയിച്ച് ആദരിച്ചുകൊണ്ട് രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ രൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു. മികച്ച അദ്ധ്യാപികയ്ക്കുള്ള ദേശീയ അവാർഡ് ജേതാവും കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയംഗവുമായ ആൻസമ്മ തോമസ്, ചേനപ്പാടി സെന്റ് ആന്റണീസ് സ്കൂൾ അദ്ധ്യാപിക മിനി ഷിബു കിഴക്കയിൽ, പി.ഡി. ജോസഫ് പാമ്പൂരിക്കൽ, ബാബു ടി. ജോൺ തട്ടാംപറമ്പിൽ... തുടങ്ങി വിവിധ ഇടവകകളിലെ അദ്ധ്യാപകരെ ആദരിച്ചു.

**'യൗസേപ്പിതാവിന്റെ കരുതൽ'**

കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ 'യൗസേപ്പിതാവിന്റെ കരുതൽ' പ്രോഗ്രാമനുസരിച്ച് രൂപതയിലെ എല്ലാ ആശ്രമങ്ങളിലും ഭക്ഷ്യവിഭവങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങൾ ഫൊറോന, യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ എത്തിച്ചു നൽകി. ഈ പ്രോഗ്രാമിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. പ്രോഗ്രാമിന്റെ ഭാഗമായി 08.09.2021-ൽ പാസ്റ്ററൽ സെന്റർ അനക്സിൽ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു. കോവിഡ് കാല പ്രതിരോധപ്രവർത്തനങ്ങൾ ഉൾപ്പെടെ സാമൂഹ്യസേവനരംഗത്ത് കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതി നടത്തിവരുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ഡോ. എൻ. ജയരാജ് അഭിപ്രായപ്പെട്ടു. ഛായാചിത്രരചനയിലും നൃത്തത്തിലും സംഗീതത്തിലും മികവു തെളിയിച്ച ഓസ്റ്റിൻ കുര്യൻ (കൊല്ലമുള), ആൻ മരിയ സാജൻ, റിച്ച എൽസ ബോബി (ചേനപ്പാടി) എന്നീ കുട്ടികൾക്ക് രൂപതസമിതിയുടെ ഉപഹാരം ഡോ. എൻ. ജയരാജ് സമ്മാനിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ, ജോജോ തെക്കുംചേരിക്കുന്നേൽ, ആൻസി സാജൻ

പുന്നമറ്റത്തിൽ, റെന്നി ചക്കാലയിൽ, സണ്ണിക്കുട്ടി അഴകംപ്രായിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഗ്ലോബൽ വിമെൻസ് കൗൺസിൽ**

എല്ലാ രൂപതകളിൽനിന്നുമുള്ള വനിതാ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് കത്തോലിക്കാ കോൺഗ്രസ് വിമൻസ് കൗൺസിൽ രൂപീകരിച്ചു. 07.09.2021-ൽ നടന്ന സൂം കോൺഫ്രൻസിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റും വിമൻസ് ഫോറം കോ-ഓർഡിനേറ്ററുമായ ടെസി ബിജു പാഴിയാങ്കലിന്റെ അദ്ധ്യക്ഷതയിൽ കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ലെക്സി ജിൻസ് പള്ളിക്കമ്യാലിൽ പ്രാർത്ഥനാഗാനം ആലപിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. ജിയോ കടവി, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ഡോ. റീത്താമ്മ ജെയിംസ്, ആൻസമ്മ സാബു, ഡോ. ജിന്റു റോസ് ജെയിംസ്, ജോയ്സി ആന്റണി എന്നിവർ പ്രസംഗിച്ചു.

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന് പിന്തുണ**

സമീപകാലത്തായി വർദ്ധിച്ചുവരുന്ന ലൗജിഹാദും നർക്കോട്ടിക് ജിഹാദും കേരളീയ സമൂഹത്തിന് വലിയ വിപത്താണെന്ന പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ പ്രസ്താവനയ്ക്ക് കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതി പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. കേരളസമൂഹത്തിൽ വ്യാപകമായ തരത്തിൽ പ്രവർത്തനനിരതമായ ഭീകരതയുടെ മുഖങ്ങളെ തിരിച്ചറിയുന്നില്ലെങ്കിൽ വലിയ വിപത്തെന്ന് രൂപതാസമിതി അഭിപ്രായപ്പെട്ടു. സഭാമക്കളോട് പാലാ ബിഷപ്പ് നടത്തിയ പ്രബോധനം സഭയിലെ കുടുംബങ്ങളും ചെറുപ്പക്കാരും കൂടുതൽ ജാഗ്രത പുലർത്തുന്നതിനുവേണ്ടിയാണ്. അതിനെ മതസ്പർദ്ധയായി ചിത്രീകരിക്കുന്നത് ഗൂഢലക്ഷ്യങ്ങളുള്ള നിക്ഷിപ്ത താല്പര്യക്കാരാണ്.

രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത

വഹിച്ച യോഗം രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. അരുൺ ആലയ്ക്കാപ്പറമ്പിൽ, ജോജോ തെക്കുംചേരിക്കുന്നേൽ, ടെസി ബിജു പാഴിയാങ്കൽ, ജെയിംസ് പെരുമാക്കുന്നേൽ, റെന്നി ചക്കാലയിൽ, മിനി സണ്ണി മണ്ണംപ്ലാക്കൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, സിനി ജിബു നീറനാക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ഫൊറോന, യൂണിറ്റ് യോഗങ്ങളും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടിന് പിന്തുണ പ്രഖ്യാപിച്ചു.

### വീട് പുനരുദ്ധരിച്ചു

കത്തോലിക്കാ കോൺഗ്രസ് കെല്ലമുള യൂണിറ്റിന്റെ നേതൃത്വത്തിൽ കൊല്ലമുള ഇടവകയിലെ വാസയോഗ്യമല്ലാതെ ജീർണ്ണാവസ്ഥയിലായിരിക്കുന്ന ഒരു ഭവനം പുനരുദ്ധരിച്ച് വാസയോഗ്യമാക്കി. ഇടവക വികാരി ഫാ. ഡോണി മണക്കാട്ട്, അസി. വികാരി ഫാ. രാഹുൽ വരിക്കക്കുഴിയിൽ, യൂണിറ്റ് പ്രസിഡന്റ് മോൻസി ആലപ്പാട്ട്, സെക്രട്ടറി ഷാജി പ്ലാത്തോട്ടം തുടങ്ങിയവരുടെ നേതൃത്വത്തിൽ യൂണിറ്റംഗങ്ങൾ ശ്രമദാനത്തിൽ പങ്കെടുത്തു.

### ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി 17-09-2021 വെള്ളിയാഴ്ച 7 ന് zoom platform - ൽ നടത്തി. പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്പ് ലെഗേറ്റ് അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപത സമിതിയെ പ്രതിനിധീകരിച്ച് ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഗ്ലോബൽ സമിതിയംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**ഫാ. മാത്യു പാലക്കുടി**
**ഡയറ്കടർ**

# കെ.സി.എസ്.എൽ.

- എട്ട് നോമ്പിനോടനുബന്ധിച്ച് സ്കൂളുകളിൽ വിവിധ പരിപാടികൾ നടത്തി. രൂപതാതലത്തിൽ യു.പി. സെക്ഷനുവേണ്ടി മരിയൻ മ്യൂസിക്ക് മത്സരം നടത്തി.
- Spark എന്ന പേരിൽ വിവിധ സ്കൂളുകളിലെ കെ.സി.എസ്.എൽ. യുണീറ്റ് Virtual visit നടക്കുന്നു. ഈ മാസം സന്ദർശനം നടത്തിയ സ്കൂളുകൾ

  ആനവിലാസം - സെന്റ് ജോർജ് യു.പി.

  കട്ടപ്പന - സെന്റ് ജോർജ്ജ് എച്ച്.എസ്.

  ആനിക്കാട് - സെന്റ് തോമസ് എച്ച്.എസ്. & യു.പി.

  ഉപ്പുതറ - സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്.

  വണ്ടൻമേട് - സെന്റ് ആന്റണീസ് എച്ച്.എസ്. & യു.പി.

  കുഴിത്തൊളു - ദീപ എച്ച്.എസ്. & യു.പി.

  ഹെഡ്മാസ്റ്റേഴ്സ്, ആനിമേറ്റേഴ്സ്, ഈ സ്കൂളുകളിലെ കെ.സി.എസ്.എൽ. മെമ്പേഴ്സ് എന്നിവർ പങ്കെടുത്തു.
- 'Explore' എല്ലാ ഞായറാഴ്ചയും കെ.സി.എസ്.എൽ. അംഗങ്ങൾക്കായി നടത്തുന്ന Sharing Session ആണ്. എല്ലാ അംഗങ്ങളും ഞായറാഴ്ച 3.30 p.m. മുതൽ 4.00 p.m. വരെയുള്ള ഈ Session ൽ പങ്കെടുക്കുന്നു.

നേതൃത്വം നൽകിയവർ

സെപ്റ്റംബർ 6 : ഷിജോ തോണിയാങ്കൽ

സെപ്റ്റംബർ 13 : ഫാ. റോബിൻ വട്ടത്തറയിൽ

സെപ്റ്റംബർ 20 : ബിനിഷ് കളപ്പുരയിൽ

സെപ്റ്റംബർ 27 : ലിസ്ബി ജോബി

- എഫാത്ത ബൈബിൾ Reading mission കൃത്യമായി നടന്നുവരുന്നു.

- എഫാത്ത ബൈബിൾ ക്വിസ് നടത്തി

സെപ്റ്റംബർ 13 : വി. മത്തായിയുടെ സുവിശേഷം

സെപ്റ്റംബർ 20 : വി. മർക്കോസിന്റെ സുവിശേഷം

- കഴിഞ്ഞ ആറ് മാസക്കാലം കെ.സി.എസ്.എൽ. – ൽ റീജന്റായി സേവനം ചെയ്ത ബ്രദർ മാർട്ടിൻ മഞ്ഞാടിയിൽ –ന് കെ.സി.എസ്.എൽ. കുടുംബത്തിന്റെ നന്ദിയും പുതിയ റീജന്റായി ചാർജ്ജെടുത്ത ബ്രദർ ജസ്റ്റിൻ മണിമലയ്ക്ക് സ്വാഗതവും ആശംസിച്ചു.

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- DCMS രൂപതാ എക്സിക്യൂട്ടീവ് യോഗം ഓഫീസിൽ വച്ച് നടത്തി.
- DCMS സംസ്ഥാന സമിതിയംഗങ്ങളുടെ മീറ്റിംഗിൽ രൂപതാഡയറക്ടറും രൂപതാ ഭാരവാഹിയും പങ്കെടുത്തു.
- സംസ്ഥാന ഡയറക്ടറുടെയും രൂപതാ ഡയറക്ടർമാരുടെയും സംയുക്തസമ്മേളനത്തിൽ രൂപതാ ഡയറക്ടർ പങ്കെടുത്തു.
- കോവിഡ് രോഗവ്യാപനം മൂലം സംസ്ഥാന ഇലക്ഷൻ 2022 മാർച്ച് മാസത്തേയ്ക്ക് മാറ്റി. പഴയ ഭാരവാഹികൾ അതുവരെ തുടർന്നു പ്രവർത്തിക്കുന്നതാണ്.
- കോവിഡ് വ്യാപനത്തിൽ രൂപത ഡി.സി.എം.എസ്. ന്റെ സഹകരണത്തോടെ പ്രസിഡന്റ് ശ്രീ. വിൻസെന്റ് ആന്റണി ഇപ്പോഴും 'ഒരു പിടി' എന്ന സഹായ പദ്ധതി നടത്തുന്നു.
- കോവിഡ് രോഗം മൂലം മരിച്ചുപോയ ഡി.സി.എം.എസ്. അംഗങ്ങൾക്കുവേണ്ടി പ്രാർത്ഥനാ ദിനാചരണം നടത്തി.
- സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ സീറോ മലബാർ Socio Economic അവലോകന പരിപാടിയിൽ രൂപതാ ഡി.സി.എം.എസ്. ഭാരവാഹികളും ഡയറക്ടറും പങ്കെടുത്തു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**

**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യങ്ങളിൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ രൂപതാതല മീറ്റിംഗുകളും പ്രാർത്ഥനകളും ക്രമപ്രകാരം നടക്കാതിരിക്കുന്ന സാഹചര്യങ്ങൾ വിലയിരുത്തി, രൂപതാഡയറക്ടർ റവ. ഫാ. ജെയിംസ് ചൂരമന O.F.M. (Conv.) യും രൂപതാ ഭാരവാഹികളും കൂടി ആലോചിച്ച് മീറ്റിംഗുകളും പ്രാർത്ഥനകളും ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചു.

"ഫ്രാൻസിസ്കൻ അൽമായ സഭ" എന്ന പേരിൽ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുവാനും രൂപതാതലത്തിലുള്ള ഒരു കൂട്ടായ്മയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാനും രൂപതാ ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കലിനെ ചുമതലപ്പെടുത്തി.

രൂപതാ ഭാരവാഹികളേയും എല്ലാ ഭ്രാതൃത്വപ്രതിനിധികളേയും ഉൾപ്പെടുത്തി ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ "ഫ്രാൻസിസ്ക്കൻ അൽമായ സഭ" എന്ന വാട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി 02.09.2021 ന് അംഗങ്ങൾക്ക് ഓൺലൈൻ പരിശീലനപരിപാടിയും നടത്തി.

2021 സെപ്റ്റംബർ 4-ാം തീയതി 5 p.m. ന് രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാതല മീറ്റിംഗ് ഓൺലൈനായി നടത്തുകയുണ്ടായി. രൂപതാട്രഷറർ സിസ്റ്റർ ഡോൾസി ആലുങ്കൽ പ്രാരംഭഗാനം ആലപിച്ചു. സഭയുടെ സായാഹ്ന പ്രാർത്ഥനയ്ക്ക് ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ വൈസ് പ്രസിഡന്റ് ബ്രദർ എബ്രാഹം ചക്കുവായിൽ, സെക്രട്ടറി സിസ്റ്റർ മോളി ജോസ് വാഴപ്പനാടി എന്നിവർ നേതൃത്വം നൽകി.

നമ്മുടെ കുറവുകൾ നമ്മൾ മനസ്സിലാക്കുകയും തെറ്റുകൾ അംഗീകരിക്കുകയും മറ്റുള്ളവരുടെ ചെറിയ ചെറിയ കുറവുകളും തെറ്റുകളും വലുതാക്കി കാണിക്കാതിരിക്കുകയും അവരുടെ കഴിവു കളേയും നന്മകളേയും അംഗീകരിക്കുകയും ചെയ്തുകൊണ്ട് ഫ്രാൻസിസ്ക്കൻ ചൈതന്യത്തിൽ ഈ കോവിഡ് പ്രതിസന്ധികളെ അതിജീവിച്ച് ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ പ്രവർത്തന ങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുവാൻ എല്ലാ അംഗങ്ങളും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടായിരുന്നു രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം.

രൂപതാഡയറക്ടർ റവ. ഫാ. ജെയിംസ് ചൂരമന അനുഗ്രഹ പ്രഭാഷണം നടത്തി. എല്ലാ അംഗങ്ങളും കോവിഡ് എന്ന ദുരന്തത്തെ പ്രാർത്ഥനകൊണ്ടും ഉറച്ച വിശ്വാസംകൊണ്ടും നേരിടണമെന്ന് ഓർമ്മി പ്പിച്ച്കൊണ്ടായിരുന്നു ഡയറക്ടറുടെ അനുഗ്രഹപ്രഭാഷണം.

രൂപതാ സെക്രട്ടറി സി. മോളി ജോസ് വാഴപ്പനാടി പ്രവർത്ത നറിപ്പോർട്ട് അവതരിപ്പിച്ചു.

രൂപതാതല മീറ്റിംഗ് എല്ലാ മാസത്തിലേയും ഒന്നാമത്തെ ഞായറാഴ്ചകളിലും പ്രാർത്ഥനാമീറ്റിംഗ് മൂന്നാമത്തെ ഞായറാഴ്ച കളിലും വൈകുന്നേരം 5 മണിക്ക് ഓൺലൈനിൽ കൂടുവാൻ തീരു മാനിച്ചു.

രൂപതാ കൗൺസിലർമാരായ ബ്രദർ തോമസ് കൊഴിക്കോട്ട യിൽ സ്വാഗതവും, ബ്രദർ ജോസ് തോമസ് തയ്യിൽ കൃതജ്ഞതയും പറഞ്ഞു.

2021 സെപ്റ്റംബർ 19-ാം തീയതി ഞായറാഴ്ച 5 p.m. ന് രൂപതാ സായാഹ്നപ്രാർത്ഥനാമീറ്റിംഗ് നടത്തി. ആനക്കല്ല് ഭ്രാതൃത്വത്തിന്റെ നേതൃത്വത്തിൽ ബ്രദർ ടോണി കറുകപ്പള്ളിൽ, ബ്രദർ ജോസ് ചൂനാ ട്ട്, സിസ്റ്റർ റോസമ്മ ചൂനാട്ട് എന്നിവർ പ്രാർത്ഥന നയിച്ചു.

ദൈവത്തെ സ്നേഹിക്കുകയും ഏറ്റുപറയുകയും ചെയ്യുക, വിശ്വാസം കാത്തുസൂക്ഷിക്കുക എന്നീ കാര്യങ്ങളിൽ എല്ലാ അംഗ



# വിൻസെൻഷ്യൻ വേദി

നമ്മുടെ രൂപതയിൽ വളരെ നിസ്വാർത്ഥമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വിവിധ അനാഥാലയങ്ങളും, അഗതി മന്ദിരങ്ങളും, മാനസികാരോഗ്യകേന്ദ്രങ്ങളും, വൃദ്ധമന്ദിരങ്ങളും, ഈ കോവിഡ് കാലത്ത് വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ ഇത്തര ത്തിലുള്ള പല സ്ഥാപനങ്ങളിലും ഭക്ഷണത്തിനും വസ്ത്രങ്ങൾക്കും വളരെ ഞെരുക്കം അനുഭവിക്കുന്നതായി അറിയുവാൻ സാധിച്ചിട്ടു

---

## ഫ്രാൻസിസ്കൻ അല്മായസഭ

ങ്ങളും ശ്രദ്ധാലുക്കളായിരിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടായിരുന്നു ഡയറക്ടറച്ചന്റെ വചനസന്ദേശം.

മൂന്നാമത്തെ ഞായറാഴ്ചകളിൽ നടത്തുന്ന സായാഹ്നപ്രാർത്ഥ നകളിൽ സഭയുടെ എല്ലാ അംഗങ്ങളും പങ്കെടുക്കത്തക്കവിധം വാട്സ് ആപ്പ് ഗ്രൂപ്പ് ക്രമീകരിക്കുവാൻ ബന്ധപ്പെട്ടവർ സഹകരിക്കണമെന്നും ഓരോ ഭാതൃത്വങ്ങളും ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് ആലോ ചിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സൗകര്യപ്രദമായ ദിവസ ങ്ങളിലും സമയത്തും കുടുംബാംഗങ്ങൾ ഉൾപ്പെടെ ദൈവാലയങ്ങ ളിൽ എത്തി പ്രാർത്ഥനകളും സാധിക്കുമെങ്കിൽ പ്രത്യേകം വിശുദ്ധ കുർബാനയിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിച്ചു കൊണ്ട് എല്ലാ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചുകൊണ്ട് പ്രാർത്ഥനയുടെ ആരംഭത്തിൽ രൂപതാ പ്രസിഡന്റ് സംസാരിച്ചിരു ന്നു. വൈസ് പ്രസിഡന്റ് എല്ലാവർക്കും കൃതജ്ഞത പറഞ്ഞു.

**സെക്രട്ടറി**

ണ്ട്. ഈ സാഹചര്യത്തിൽ സെൻട്രൽ കൗൺസിൽ മുൻകൈ എടുത്ത് കാഞ്ഞിരപ്പള്ളി, ഇളങ്ങുളം, ചിറക്കടവ്, പൊടിമറ്റം ഏന്നീ ഏസിക ളുടെ സഹകരണത്തോടെ പുളിമാവ് നല്ല സമറായൻ ആശ്രമത്തിലെ അന്തേവാസികൾക്ക് അവർക്ക് ആവശ്യമായ പുതിയ വസ്ത്രങ്ങൾ വാങ്ങി നൽകുകയുണ്ടായി. അതുപോലെ, നമ്മുടെ സിസിയുടെ കീഴി ലുള്ള മറ്റു പല സ്ഥലങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ, പണമായോ, വസ്ത്ര ങ്ങളായോ, ഭക്ഷ്യവസ്തുക്കളായോ എസിയുടെ ആഭിമുഖ്യത്തിലോ, കോൺഫ്രൻസുകൾ നേരിട്ടോ ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് കരു തുന്നു.

നമ്മുടെ കോൺഫ്രൻസുകളിൽത്തന്നെ പല കുടുംബങ്ങളിലും കോവിഡ് രണ്ടാം തരംഗത്തിന്റെ പിടിയിലായി വളരെ കഷ്ടപ്പെ ടുന്നുണ്ടല്ലോ. നമ്മുടെ ഇടയിൽത്തന്നെ പല കുടുംബങ്ങളിലും കുടും ബനാഥന്മാർ മരണപ്പെട്ട് അനാഥരായവരും രോഗം വന്ന് അടിയന്തിര ചികിത്സ വേണ്ടി വരുന്നവരും ഒക്കെയായി ധാരാളം പേരുണ്ട്. കോൺഫ്രൻസുകളിലെ ദത്തുകുടുംബങ്ങൾ കൂടാതെ സഹായം അർഹിക്കുന്നവർക്കും നമ്മുടെ സഹായം എത്തിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങൾ മനസ്സിലാക്കി, കോൺഫ്രൻസുകൾ അടിയന്തിരമായി വേണ്ടത് ചെയ്യുമെന്ന് കരുതുന്നു. ഇപ്പോൾ പല ദൈവാലയങ്ങളിലും വിശുദ്ധ കുർബ്ബാനയോ മറ്റു തിരുക്കർമ്മങ്ങളോ നടക്കുന്നില്ലല്ലോ. എല്ലാം മാറി സാധാരണരീതിലേയ്ക്ക് വേഗം തിരിച്ചു വരുന്നതിനായി സർവ്വശക്തനായ ദൈവത്തോട്, നമ്മുടെ അമ്മയായ പരിശുദ്ധ കന്യാ മറിയത്തിന്റെയും, തിരുക്കുടുംബത്തിന്റെ മദ്ധ്യസ്ഥനായ യൗസേപ്പു പിതാവിന്റെയും, വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്ത പ്പെട്ട ഫെഡറിക്ക് ഓസാനാമിന്റെയും മാദ്ധ്യസ്ഥം അപേക്ഷിച്ച് തീവ്ര മായി പ്രാർത്ഥിക്കാം.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻപുസ്തകം

**1. ആത്മീയതയുടെ പടവുകൾ**
**: ഡോ.ജെയിംസ് കിളിയനാനിക്കൽ**

പേജ്: 160/ പതിപ്പ്: 4/ വില: 160

ആത്മീയജീവിതത്തിൽ വളരാനാഗ്രഹിക്കുന്നവർക്ക് തിരുവചന ദീപ്തിയും സങ്കീർത്തകന്റെ ഹൃദയത്തുടിപ്പുകളും വിശുദ്ധദർശന ങ്ങളും ചേർത്ത് രൂപപ്പെടുത്തിയ ഈ ഗ്രന്ഥം ആത്മീയസാധനയക്ക് ഏറെ ഉപയുക്തമാണ്. വിശുദ്ധിയെക്കുറിച്ചുള്ള ആഴമായ ദർശനം പങ്കുവയ്ക്കുന്ന ചിന്താശകലങ്ങൾ ആത്മാവിന് ഒരു പുണ്യാഭി ഷേകംതന്നെ. സ്നേഹിക്കുക എന്നാൽ ഈശോയെ സ്വന്തമാ ക്കുകയെന്നും ഈശോയുടെ സ്വന്തമാകുകയെന്നും ഉദ്ബോധിപ്പി ക്കുന്നതും ആത്മാവിൽ ഉണർവേകി സ്നേഹപൂർണ്ണത പ്രാപിക്കാൻ തികച്ചും സഹായകവുമായ ഉത്തമ ധ്യാനഗ്രന്ഥം.

**2. മിശിഹാനുഭവ സങ്കീർത്തനങ്ങൾ:**
**ഫാ. ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ TOR**

രക്ഷകന്റെ വരവിനായി പ്രതീക്ഷിച്ചിരുന്ന ഒരു ജനതയുടെ ഹൃദ യസ്പന്ദനങ്ങളാണ് സങ്കീർത്തനങ്ങൾ. പഴയനിയമത്തിൽ മറഞ്ഞി രിക്കുന്ന പുതിയനിയമത്തെയും പുതിയനിയമത്തിൽ തെളിഞ്ഞുവരുന്ന പഴയനിയമത്തെയും ഇതിലുടനീളം അനുഭവിച്ചറിയുന്നു. സങ്കീർത്ത നങ്ങളുടെ കാവ്യഭംഗിയും ചരിത്രസ്വഭാവവും അതിൽ ഉൾക്കൊണ്ടി രിക്കുന്ന രക്ഷാകരസത്യങ്ങളും ആസ്വദിച്ചറിയേണ്ടതിന് വ്യത്യസ്ത ഗണങ്ങളായി തിരിച്ച് വിചിന്തനം നടത്തിയിരിക്കുന്ന ഉത്തമകൃതി.

## പണിപ്പുരയിൽ

കുട്ടികളുടെ വായനാലോകം വിശാലമാക്കുന്നതിനും വിശുദ്ധരുടെ ജീവിതവഴികൾ പരിചയപ്പെടുത്തുന്നതിനുമുള്ള വിമലയുടെ പുതിയ പരമ്പര (സെയിന്റ്സ് കളറിങ്ങ് സീരീസ്) ആരംഭിച്ചിരിക്കുന്നു. ചിത്രങ്ങളുടെ അകമ്പടിയോടെ വായനയും, വരയും, കളറിങ്ങും വഴി കുട്ടികൾക്ക് ഹൃദിസ്ഥമാക്കാനാവുംവിധത്തിൽ ആകർഷകമായ ചിത്രീകരണം.

**സെറ്റ് 1**

1. വി. മദർ തെരേസ
2. വി. അന്തോനീസ്
3. വി. ഫ്രാൻസീസ് അസീസി
4. വി. ചാവറ കുര്യാക്കോസ് ഏലിയാസ്
5. വി. ജോൺ പോൾ രണ്ടാമൻ
6. വി. കൊച്ചു ത്രേസ്യാ
7. വി. യൗസേപ്പ്
8. പരിശുദ്ധ മറിയം
9. വി. ഡോമിനിക് സാവിയോ
10. വി. ഡോൺ ബോസ്കോ

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ – (1098)**

ആഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിൽ 28 കേസുകൾ റിപ്പോർട്ട് ചെയ്തു. 22 കേസുകൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) യിൽ സബ്മിറ്റ് ചെയ്തു. ഫാമിലി പ്രോഗ്രാം, കൗൺസിലിംഗ്, അത്തരത്തിലുള്ള കേസുകൾ ആണ് കൂടുതലായും ചൈൽഡ് ലൈനിൽ റിപ്പോർട്ട് ചെയ്യുന്നത്. നിയമപരമായ രീതിയിൽ അത്തരം കേസുകൾ കൈകാര്യം ചെയ്ത് വരുന്നു.

കോവിഡ് വന്ന് മാതാപിതാക്കൾ നഷ്ടപ്പെട്ട 5 കുട്ടികൾക്ക് ചൈൽഡ് ലൈൻ സപ്പോർട്ട് വഴി ന്യൂട്രീഷൻ ഹെൽപ്പ് ചെയ്തു.

**Open House**

കോട്ടയം ചൈൽഡ് ലൈൻ സപ്പോർട്ട് – ന്റെ നേതൃത്വത്തിൽ ചിറക്കടവ് പഞ്ചായത്തിന്റെ സഹകരണത്തോടെ 11.09.2021–ൽ ഓൺലൈൻ ആയി Open House പരിപാടി സംഘടിപ്പിച്ചു. കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയുന്നതിനുവേണ്ടി ഒരുക്കിയിരിക്കുന്ന വേദിയാണ് ഓപ്പൺഹൗസ്. പരിപാടിയിൽ പഞ്ചായത്ത് അംഗങ്ങൾ, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ, എന്നിവർ സംസാരിച്ചു. 'മൊബൈൽ ഇന്റർനെറ്റ് അഡിക്ഷൻ' എന്ന വിഷയത്തിൽ ശ്രീ രാജേഷ് മണിമല ASI (District Crime Record Bureau) ക്ലാസ് എടുത്തു. 'ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യവിപത്ത്' എന്ന വിഷയത്തിൽ ശ്രീ. ബിനോയ് E.V. (Civil Excise Officer) ക്ലാസ് നയിച്ചു. പരിപാടിയിൽ 100 പേരോളം പങ്കെടുത്തു.

**അനുശോചനം**

വി കെയർ സെന്ററിൽ റീജന്റ് ബ്രദറായി കഴിഞ്ഞ 6 മാസക്കാലം പുളിമാവ് നല്ല സമറായൻ ആശ്രമമക്കളോട് ചേർന്ന് വിവിധ

→

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

വണ്ടൻപതാൽ, ഉപ്പുതറ, കാളകെട്ടി, മടുക്ക, കപ്പാട്, അറയാഞ്ഞിലിമണ്ണ്, പൊൻകുന്നം, പാലമ്പ്ര, കാഞ്ഞിരപ്പള്ളി, ഇടക്കുന്നം, പാറത്തോട് എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 16,00,000/- രൂപ ധനസഹായമായി നൽകി.

**ചികിത്സാ സഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് ആരോഗ്യസംരക്ഷണത്തിനായി മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി 5,04,400/- രൂപ നൽകി.

---

## Special Care Homes & Charitable Institutions

ശുശ്രൂഷകൾ ചെയ്തു കൊണ്ടിരുന്ന ബ്രദർ തോമസുകുട്ടി കുറ്റിക്കാട്ടിന്റെ അകാല നിര്യാണത്തിൽ വി കെയർ സെന്ററിന്റേയും നല്ല സമറായൻ ആശ്രമമക്കളുടെയും അനുശോചനവും, പ്രാർത്ഥനയും നേരുന്നു. അദ്ദേഹം ഈ കുറഞ്ഞ നാളുകളിൽ അവിടെ ചെയ്ത ശുശ്രൂഷകൾ ആർക്കും മറക്കാൻ സാധിക്കാത്തതായിരുന്നു. പ്രിയ ബ്രദറിന്റെ ആത്മശാന്തിക്കായി എല്ലാവരുടെയും പ്രാർത്ഥന എന്നും ഉണ്ടായിരിക്കും.

**സാമ്പത്തിക സഹായം**

ചികിത്സാ സഹായമായി 2000 രൂപ ചിലവഴിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 11,84,461/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം എന്നീ പദ്ധതികൾക്കായി 5,60,500/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,34,264/- രൂപ ചിലവഴിച്ചു.

**ഇൻഫാം**

**ഇൻഫാം കാർഷിക ജില്ലാ എക്സിക്യൂട്ടീവ് യോഗം**

ഇൻഫാം കാർഷിക താലൂക്ക് ഡയറക്ടർമാരായ ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം പാറത്തോട് എം.ഡി.എസിൽ നടന്നു. പുതുതായി നിയമിതരായ റവ. ഫാ. മാത്യു നടയ്ക്കൽ, റവ. ഫാ. ജസ്റ്റിൻ മതിയത്ത്, റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളം, റവ. ഫാ. ജോസ് ചവറപ്പുഴ, റവ. ഫാ. തോമസ് തെക്കേമുറി എന്നിവരും യോഗത്തിൽ പങ്കെടുത്തു.

**കാപ്പിക്കുരു സംഭരണം**

കുമളി, ഉപ്പുതറ, മുണ്ടക്കയം, പെരുവന്താനം എന്നീ പ്രദേശങ്ങളിലെ കർഷകരിൽ നിന്നും 18000 കിലോ കാപ്പിക്കുരു സംഭരിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യ ത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

**Export**: ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി USA യിലേക്ക് ഒരു കൺസെയ്മെന്റ് നടന്നു.

പി ഡി എസ് ഓർഗാനിക് സ്പൈസസ്, ഐ സി എസ് സ്റ്റാഫ് അംഗങ്ങൾക്ക് വേണ്ടി 11, 12 തീയതികളിൽ തട്ടാത്തിക്കാനം ട്രെയിനിങ് സെന്ററിൽ വച്ച് ട്രെയിനിങ് നടത്തുകയുണ്ടായി.

പി ഡി എസ് ഓർഗാനിക് സ്പൈസസിൽ ആധുനിക രീതിയിലുള്ള കോഫി റോസ്റ്റിങ് ആൻഡ് പൗഡറിംഗ് യൂണിറ്റ് ആരംഭിച്ചു. ഇതിലൂടെ ഉപഭോക്താക്കൾക്ക് ലോകോത്തര നിലവാരത്തിലുള്ള കോഫി ഉത്പന്നങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

കോവിഡ് പശ്ചാത്തലത്തിൽ റീജണൽ മീറ്റിങ്ങുകളും മറ്റ് ഗ്രാമതല പ്രവർത്തനങ്ങളും വീഴ്ച കൂടാതെ, കോവിഡു മാനദണ്ഡം പാലിച്ചും, ഓൺലൈൻ വഴിയായും നടത്തി പ്പോരുന്നു.

**KSBCDC വായ്പാപദ്ധതി**

കേരള പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും അനുവദിച്ച രണ്ടു കോടി രൂപയിൽ, അവസാനഗഡുവായ 50 ലക്ഷം രൂപ സ്വയംസഹായ സംഘങ്ങളിലെ അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. പുതിയതായി സംഘാംഗങ്ങളുടെ ആവശ്യമനുസരിച്ച് രണ്ടുകോടി രൂപ വായ്പയെടുത്ത് നൽകുവാൻ തീരുമാനിച്ചു.

## ഇന്റേൺഷിപ്പ് പ്രോഗ്രാം

സാമൂഹ്യ വികസന പഠനത്തിന്റെ ഭാഗമായി 2 കോളേജുകളിൽ നിന്നായി 6 കുട്ടികൾ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

## കർഷക ഉത്പാദക സംഘം

നബാർഡും നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച്, 9 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷക ഉത്പാദക കമ്പനികൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും, ബ്ലോക്ക് തലത്തിലുള്ള അടിസ്ഥാന വിവരശേഖരണവും പൂർത്തിയായി.

## കർഷക കമ്പനികളുടെ രജിസ്ട്രേഷൻ പൂർത്തിയായി

കർഷക കമ്പനിയിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കു വാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

## സംരംഭകത്വ പരിശീലനം

കൂൺ കൃഷി, ആട്, തേനീച്ച, കോഴി വളർത്തൽ എന്നീ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ പരിശീലനപരിപാടി കുരിശുമട്ട യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് മണിമലക്കുന്നേലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച്, പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് മീറ്റിങ്ങിൽ സന്നിഹിത നായിരുന്നു.

## വന ജ്യോതിസ്

**പദ്ധതിപ്രദേശം**: കോഴിമല,കണ്ണംപടി, കൊമ്പുകുത്തി ആദിവാസി കോളനികൾ.

ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

| | | | |
|---|---|---|---|
| 1. | കന്നുകാലി വളർത്തൽ | : | 1 യൂണിറ്റ് |
| 2. | പരമ്പരാഗത പച്ചക്കറി കൃഷി കിറ്റ് | : | 5 |
| 3. | പഠനയാത്ര | : | 1 |

## പരിശീലനപരിപാടി

വനജ്യോതിസ് പദ്ധതിയുടെ ഭാഗമായി 6 വിഷയങ്ങളി ലായി 8 ട്രെയിനിങ്ങുകൾ നടത്തി. ഇതിൽ 110 ആളുകൾ പങ്കെടുത്തു.

## സാമ്പത്തിക സഹായങ്ങൾ

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും, പി ഡി എസ് ഫാമിലി കെയർ പ്രോഗ്രാം ആയ സേവ് എ ഫാമിലി പ്ലാൻ വഴിയായും ഈ മാസം നൽകിയ സാമ്പത്തിക സഹായങ്ങൾ: വരുമാനദായക പ്രവർത്തനങ്ങൾക്ക് 174060/-, ഭവന നിർമ്മാണം 124702/-, ചികിത്സാ സഹായം 149038/-, വിദ്യാഭ്യാസ സഹായം 182440/-, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് :29000/-, മറ്റ് ധനസഹായങ്ങൾ 2800/-

## കൗൺസിലിംഗ് സേവനം


പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി 33 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ടെലി കൗൺസിലിംഗ് വഴിയായി ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി ഡി എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 228 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 4 യൂണിറ്റുകളിൽ ആയി 8 പേർക്ക് 61290/- രൂപ വിതരണം ചെയ്തു.

| | | | |
|---|---|---|---|
| 1. | വെള്ളിലാംകണ്ടം | : | 24610 |
| 2. | രാജഗിരി | : | 18650 |
| 3. | നരിയംപാറ | : | 8130 |
| 4. | സന്യാസിയോട | : | 9900 |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**സെപ്റ്റംബർ 2021**

1 എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് അക്കരപ്പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

2 കട്ടപ്പന സെന്റ് ജോർജ് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

– കട്ടപ്പന സെന്റ് ജോർജ് ഇടവകയിൽ എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

3 ചെങ്ങളം സെന്റ് ആന്റണീസ് ഇടവകയിൽ എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

4 എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് ഇഞ്ചിയാനി ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

5 നല്ലതണ്ണി ദയറായിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

6 മാങ്ങാപ്പേട്ട ഇടവകയിൽ എട്ടുനോമ്പിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും പുതുതായി നിർമ്മിച്ച കൽക്കുരിശ് വെഞ്ചരിക്കുകയും ചെയ്തു.

8 എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് അക്കരപ്പള്ളിയിൽ മരിയൻ പ്രഭാഷണം നടത്തി.

9 ഫൊറോനാ വികാരിയച്ചന്മാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

11 Prision ministry യുടെ ഓൺലൈൻ executive meeting - ൽ പങ്കെടുത്തു.

12 J.B. കോശി കമ്മീഷന്റെ അവലോകന ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

– കോഴഞ്ചേരി ഇടവകയിൽ വെനെറിനി സിസ്റ്റേഴ്സിന്റെ മഠത്തിലെ ചാപ്പലിന്റെ കൂദാശ നിർവ്വഹിച്ചു.

13 ഇഞ്ചിയാനി സ്നേഹദീപം ആശ്രമത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– കെ.സി.ബി.സി.യുടെ കരിസ്മാറ്റിക് റീജിയണൽ വിസിറ്റ് ഓൺലൈൻ ആയി നടത്തി.

14 തമ്പലക്കാട് ഇടവകയിൽ പരേതയായ അന്നമ്മ മേക്കാട്ടുപറമ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ വചനസന്ദേശം നൽകി.

15 History Committee യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

16 പൊടിമറ്റം ഇടവകയിൽ FCC Novitiate House - ൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

17 കത്തീഡ്രൽ ഇടവകയിൽ പരേതയായ അന്നക്കുട്ടി വടക്കേനാത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18 സഹ്യാദ്രിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

– കത്തീദ്രൽ ഇടവകയിൽ പരേതനായ ചാക്കോ വടക്കേലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 വിളക്കുമാടം ഇടവകയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ നിര്യാതയായ സഹോദരി അക്കാമ്മ കുര്യന്റെ ഭവനത്തിലെത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

20 കാഞ്ചിയാർ ഇടവകയിൽ രണ്ട് കുഞ്ഞുങ്ങൾക്ക് പ്രാരംഭകൂദാശകൾ നൽകുകയും രണ്ടു കുട്ടികളുടെ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണം നടത്തുകയും ചെയ്തു.

21 നാമഹേതുകതിരുനാൾ ആഘോഷിച്ച മാർ മാത്യു അറയ്ക്കൽ പിതാവിന് ആശംസകൾ നേരുവാൻ കൂടിയ സ്നേഹവിരുന്നിൽ പങ്കെടുത്തു.

22 മേലോരം ഇടവകയിലെ നവീകരിച്ച വൈദികമന്ദിരം വെഞ്ചരിച്ചു.

- മേലോരം ഇടവകയിലെ തിരുഹൃദയസന്യാസിനികളുടെ മഠം വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു.
- എം.എം.റ്റി. ഹോസ്പിറ്റലിൽ പുതുതായി വാങ്ങിയ Generater - ന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.
- History Committee യുടെ മീറ്റിംഗിൽ പങ്കെടുത്തു.

23 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ലിറ്റർജി കമ്മറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

25 പൊടിമറ്റം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- കത്തീഡ്രൽ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

27 രൂപതയിലെ വൈദികന്മാരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

29 കെ.സി.ബി.സി.യുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

30 സഹ്യാദ്രിയുടെ വാർഷിക ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ

## സെപ്റ്റംബർ 2021

1 എട്ടുനോമ്പിലെ ആദ്യദിനത്തിൽ ചെങ്ങളം സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

2 കുമളി ഫൊറോന ദൈവാലയത്തിൽ പരേതനായ ഷാജി ആലപ്പാട്ട് കുന്നേലിന്റെ ഏഴാം ചരമദിനത്തിൽ വി. കുർബാനയർപ്പിച്ചു. സെമിത്തേരിയിൽ ഒപ്പീസ് പ്രാർത്ഥന നടത്തി.

5 കാലടി-മലയാറ്റൂരിൽ ഒരു വിവാഹത്തിൽ പങ്കെടുത്തു.

8 അരയാഞ്ഞിലിമണ്ണ് സെന്റ് ജോസഫ് ദൈവാലയത്തിൽ എട്ടുനോമ്പ് സന്ദേശം നല്കുകയും പുതുതായി നിർമ്മാണമാരംഭിക്കുന്ന അജപാലന മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു.

- 26-ാം മൈലിലെ മേരി ക്വീൻസ് ആശുപത്രിയിൽ നവീകരിച്ച

മോഡുലാർ ഓപ്പറേഷൻ തിയറ്റർ & Equipments ആശീർവദിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

- കാഞ്ഞിരപ്പള്ളി പഴയപള്ളി തീർത്ഥാടന ദൈവാലയത്തിൽ എട്ടു നോമ്പുതിരുനാളിൽ വിശുദ്ധ ബലിയർപ്പിച്ചു വചനസന്ദേശം നൽകി.

11 പ്ലാച്ചേരി ഫാത്തിമമാതാ ഇടവകയിൽ ഒരു വിവാഹമാശീർവദിച്ചു.

18 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ പരേതനായ വടക്കയിൽ വി.ജെ. ചാക്കോയുടെ ഭവനത്തിലെ സംസ്ക്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

19 വി. മത്തായിശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് പോത്തുപാറ സെന്റ് ജൂഡ് കുരിശുപള്ളിയിൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി.

20 കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിന്റെ 53-ാം വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

- പൊടിമറ്റം മൈനർ സെമിനാരിയിലെ ഫീസ്റ്റ് ആഘോഷങ്ങളിൽ പങ്കെടുത്തു.

21 മടുക്ക സെന്റ് മാത്യൂസ് ഇടവകയുടെ രജതജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു സന്ദേശമേകുകയും, ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന അജപാലന മന്ദിരത്തിന്റെ ശില ആശീർവദിക്കുകയും ചെയ്തു.

- ഉച്ചയ്ക്ക് പാസ്റ്ററൽ സെന്ററിലെത്തി, നാമഹേതുകദിനത്തിൽ രൂപതാകുടുംബത്തിന്റെ സ്നേഹവിരുന്നിൽ പങ്കെടുത്തു.

- റാന്നി-പത്തനംതിട്ട ഫൊറോന 2021 മിഷൻ സംഗമത്തിൽ ഓൺലൈനായി പങ്കെടുത്ത് ഉദ്ഘാടനകർമ്മം നടത്തി.

23 ചങ്ങനാശ്ശേരി പ്രീസ്റ്റ് ഹോമിൽ വി. ബലിയർപ്പിച്ചു സന്ദേശം നൽകി.


29 കെ.സി.ബി.സി. ഓൺലൈൻ സമ്മേളനത്തിൽ സംബന്ധിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## October - 2021

| Date | Programme | Place | Time |
|---|---|---|---|
| 2 | Vestition | FCC Provincial House Podimattom | 10:00 am |
| 3 | Jubilee Qurbana | Neyattusserry | 7.30 am |
| 4 | Convention | Changanacherry | 5.30 pm |
| 5 | Meeting | Trivandrum | 11.00 am |
| 9 | Pastoral Council | Online | 4.00 pm |
| 12 | Meeting | Online | 8.30 pm |
| 18 | Ongoing formation | Online | 6.30 pm |
| 24 | Presbytery Blessing | Mukkulam | 9.00 am |
| 25 | Betrothal | Theekkoy | 11.30 am |
| 26 | Jubilee Qurbana | S.H. Provincial House | 10.30 am |
| 30 | Betrothal | Velichiyani | 11.30 am |

# നിത്യസമ്മാനത്തിനായി
# വിളിക്കപ്പെട്ട

## കോരുത്തോട് ഇടവകാംഗമായ
## റീജന്റ് ബ്രദർ
## തോമസുകുട്ടി കുറ്റിക്കാട്ടിന്



## കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ

# ആദരാഞ്ജലികൾ

# 2021 ഒക്ടോബർ
## ഏലിയാ-സ്ലീവാ-മൂശ കാലങ്ങൾ

| | | |
|---|---|---|
| 1 | വെള്ളി | തീത്തോ 2:6-10; ലൂക്കാ 11:5-13 |
| 2 | ശനി | 2 തിമോ 4:6-8; മത്താ 26:6-13 |
| **3** | **ഞായർ** | **✠ ഏലിയാ സ്ലീവ മൂശ ആറാം ഞായർ**<br>നിയ. 9:13-24, ഏശ. 26:1-11,<br>ഫിലി 4:4-9; മത്താ. 15:21-28 |
| 4 | തിങ്കൾ | ഫിലി 1:21-26; മർക്കോ 8:31-38 |
| 5 | ചൊവ്വ | 2 തിമോ 2:21-26; മത്താ 5:13-16 |
| 6 | ബുധൻ | ഹെബ്രാ 2:1-4; ലൂക്കാ 20:20-26 |
| 7 | വ്യാഴം | 2 യോഹ 4-11; യോഹ 5:39-47 |
| 8 | വെള്ളി | 2 തിമോ 1:1-7; ലൂക്കാ 21:7-19 |
| 9 | ശനി | 2 തിമോ 1:8-14; ലൂക്കാ 10:17-21 |
| **10** | **ഞായർ** | **✠ ഏലിയാ സ്ലീവ മൂശ ഏഴാം ഞായർ**<br>നിയ. 11:1-9, ഏശ. 40:12-17,<br>2 കോറി 2:12-17, മത്താ 20:1 -16 |
| 11 | തിങ്കൾ | തീത്തോ 3:1-7; ലൂക്കാ 10:38-42 |
| 12 | ചൊവ്വ | ഹെബ്രാ 4:1-11; ലൂക്കാ 11:14-23 |
| 13 | ബുധൻ | 1 കോറി 1:24-31, ലൂക്കാ 11:24-26 |
| 14 | വ്യാഴം | ഹെബ്രാ 10:1-10; ലൂക്കാ 9:28-36 |
| 15 | വെള്ളി | 1 പത്രോ 3:1-7; ലൂക്കാ 20:27-40 |
| 16 | ശനി | 1 പത്രോ 4:12-19; യോഹ 10:1-15 |
| **17** | **ഞായർ** | **✠ ഏലിയാ സ്ലീവ മൂശ എട്ടാം ഞായർ**<br>നിയ. 11:26-32, ഏശ. 41:1-7,<br>ഗലാ. 5:16-26, ലൂക്കാ 8:41b -56 |
| 18 | തിങ്കൾ | ഹെബ്രാ 10:19-25; മത്താ 18:10-14 |
| 19 | ചൊവ്വ | ഗലാ 6:11-18; ലൂക്കാ 4:38-44 |
| 20 | ബുധൻ | ഹെബ്രാ 11:11-22, ലൂക്കാ 11:37-42 |
| 21 | വ്യാഴം | റോമാ 14:10-13; മത്താ 25:1-13 |
| 22 | വെള്ളി | ഹെബ്രാ 2:5-9; ലൂക്കാ 16:1-8 |
| 23 | ശനി | ഹെബ്രാ 12:1-11, ലൂക്കാ 9:18-20 |
| **24** | **ഞായർ** | **✠ ഏലിയാ സ്ലീവ മൂശ ഒമ്പതാം ഞായർ**<br>നിയ. 13:12-18, ഏശ. 41:8-16,<br>ഗലാ 6:1-10, മത്താ. 8:23-34 |
| 25 | തിങ്കൾ | ഹെബ്രാ 2:10-18; മത്താ 24:3-14 |
| 26 | ചൊവ്വ | 1 തെസ 4:9-12; യോഹ 11:1-16 |
| 27 | ബുധൻ | 1 കോറി 15:35-41, മത്താ 25:14-30 |
| 28 | വ്യാഴം | ഹെബ്രാ 4:12-13; ലൂക്കാ 9:46-48 |
| 29 | വെള്ളി | ഹെബ്രാ 10:11-18; മത്താ 16:5-12 |
| 30 | ശനി | യൂദാ 5-7, യോഹ 9:17-23 |
| **31** | **ഞായർ** | **✠ പള്ളിക്കൂദാശ ഒന്നാം ഞായർ**<br>പുറ. 40:17-29, 34-38, ഏശ. 6:1-8,<br>1 കോറി. 13:1-13, മത്താ. 16:13-19 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654